# രത്നമാല

ഉള്ളൂർ

Digitized By Kerala Sahitya Akademi

# രത്നമാല

(ഖണ്ഡകൃതികൾ — ആറാം ഭാഗം)

---


## ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ


---


**ULLUR PUBLISHERS**

ജഗതി, തിരുവനന്തപുരം.

1958



All Rights Reserved]


വില രൂ. 1. ണ 8.

---


പ്രസാധകരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

ശ്രീധര പ്രിൻറിംഗ് ഹൌസ്,
തിരുവനന്തപുരം.

6-ാം പതിപ്പ് കാപ്പി 500.
പകർപ്പവകാശം പ്രസാധകർക്ക്

Digitized By Kerala Sahitya Akademi

# വിഷയസൂചി


| | | പുറം |
|---|---|---|
| 1. | മാതൃഭൂമി | 1 |
| 2. | പ്രായോപവേശം | 4 |
| 3. | അതാരു് ? | 13 |
| 4. | തത്വോപദേശം | 24 |
| 5. | ഭൂതക്കണ്ണാടി | 26 |
| 6. | നടത്തുറക്കൽ | 30 |
| 7. | സമരത്തുങ്ങ് | 38 |
| 8. | ശാസ്ത്രവും ശസ്ത്രവും | 45 |
| 9. | കവിയും കീർത്തിയും | 47 |
| 10. | ഇന്നത്തെ ലോകം | 52 |
| 11. | അരുളപ്പാട്ട് | 62 |
| 12. | ഭൂതദയ | 73 |
| 13. | പൊയ്ക്കൊൾവിൻ | 89 |
| 14. | തമ്മിലടി | 92 |
| 15. | ഗുരുവും ശിഷ്യനും | 98 |
| 16. | പണക്കാരൻ | 103 |
| 17. | സ്വതന്ത്രത | 111 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മാതൃഭൂമി

മാതാവേ! മങ്ഗളാകാരേ!
മഹാമഹിമശാലിനി!
ഭവതിക്കു നമസ്കാരം
ഭാരതക്ഷിതിദേവതേ!

ഹിമവാനെന്നു ചൊല്ലുന്ന
ഹീരനിർമ്മിതമാം മുടി
ചാർത്തിബ്ഭവതി ശോഭിപ്പൂ
സർവ്വദിക്ചക്രവർത്തിനി!

ഗിരീശമൌലി കൈവിട്ട
ഗങ്ഗയാം മൌക്തികാവലി
തായതൻ മാറിൽ മിന്നുന്നു
ധന്യതയ്ക്കുണ്ണിമുദ്രയായ്.

Digitized By Kerala Sahitya Akademi

ഭാസിപ്പൂ തായ ഞങ്ങൾക്ക
പടത്തിൽപ്പോലെ ഹൃത്തിലും
പരയാധി വിട്ടയന്നൊരു
ഭാർഗ്ഗവിക്കു സമാനയായ്.

ഏകാഛിന്ത്രറമ്മരണെകി
നിസ്സ്വമാമിജ്ജഗത്തിന്നായ് ;
ഒന്നശ്ശമൊന്നഹിംസാഖ്യ-
ചിന്താമണി, മഹാമല്ലണി.

പശാപ്പുകടയുണ്ടെങ്ങും
ക്രവ്യാദക്കുത്സവപ്രദം ;
മറെറങ്ങുണ്ടു ശമക്ഷേത്രം
മഹർഷിശ്രേഷ്ഠസേവിതം ?

അദ്വിതീയങ്ങളാമങ്ങെ-
യപദാനങ്ങളോക്കവെ
കോൾമയിർക്കൊണ്ടിടാത്തുള്ളോൻ
കണപപ്രായനല്ലയോ ?



Digitized By Kerala Sahitya Akademi

വരദാനോത്സുകയായങ്ങു
വാഴ്കെ പ്രത്യക്ഷദേവതേ !
മക്കൾക്കെന്തിന്നദൃശ്യങ്ങൾ
മററു ദൈവങ്ങൾ കൈതൊഴാൻ ?

അന്യോന്യം സംഘടിപ്പിപ്പാ-
നല്ലെന്നാലെന്തിനായ് വിധി
തായയിൽ 'സംക്രമിപ്പിച്ചു
സർവ്വജാതിമതങ്ങളെ ?

പരമാമൈകമത്യത്തെ
ബ്ഭവദ്ദായാദർ നേടുവാൻ
കടാക്ഷിക്കുക മാതാവേ !
കാരുണ്യാമൃതവാഹിനി !

ജയ ശ്രീകാശിഹൃദയേ !
ജയ ഗീതാപിതാമഹി !
ജയ സർവ്വജ്ഞജനനി !
ജയ പുണ്യവസുന്ധരേ !



Digitized By Kerala Sahitya Akademi

# പ്രായോപവേശം

I

പോരിലന്നു പരിഭ്രാന്തനായ്ത്തീർന്ന
    ചേരനാഥ ‘നിരുമ്പൊറ’മന്നവൻ
മാലയിട്ട ജയലക്ഷ്മിയന്ധയായ്-
    ച്ചോളഭൂധവനായ ‘ചെങ്കണ്ണ’നെ.
ബന്ധനത്തിലും പെട്ടുപോയ് കേരള-
    ഗന്ധയൂഥപനപ്പടവേട്ടയിൽ.
യുദ്ധമായിടും ദ്യൂതത്തിലങ്ങിങ്ങു
    ശക്തർ തോല്ക്കുന്നു ; വെല്ലുന്നു ദുർബ്ബലർ.
നൽക്കുസുമമിറുക്കുവാൻ നീട്ടിയ
    കൈക്കുകേറിക്കടിച്ചു കാകോദരം ;
സിന്ധുവാടിക്കടക്കുന്ന വിക്രാന്ത-
    നന്ധുവിന്നുള്ളിൽവീണുപോയ് പങ്ഗുവായ്.
ഹാ ! വിധേ ! ഭവാന്നെന്നുതാൻ രമ്യമ-
    ല്ലീവിധത്തിങ്കലുള്ള വിനോദനം !
ഏതുകൈകൊണ്ടവിടുന്നു നഞ്ഞിനെ-
    സ്സ്വാദുവാം സുധയ്ക്കൂട്ടനായ്ത്തീർത്തുവോ ;
പുച്ഛശോഭമാം പീലിക്കു കേകിതൻ
    പൃഷ്ഠഭാഗത്തിലാസനം നല്കിയോ ;
ആക്കരംകൊണ്ടു കത്തിക്കുറിക്കുന്നു
    യോഗ്യർതൻ നെറ്റിമേലും ദുരക്ഷരം.



Digitized By Kerala Sahitya Akademi

ആകരത്തിലമഴ്ത്തുക വൈരത്തെ;
നാകലോകത്തിലേററുക പഞ്ഞിയെ;
ഏതുതാനൊന്നസംഭാവ്യമൌചിതീ-
ബോധഹീനരാം ലോകേശർ വാഴ്കിൽ ? 24

## II

അമ്മഹീശനെക്കൈവിട്ടുപോയ്പ്പോയി
പൊന്മകുടവും ശ്വേതാതപത്രവും.
നിഷ്പ്രതാപപ്രഥർക്കെന്തുതാൻ ഫല-
മപ്പുരിട്ടടം രണ്ടുമിരിക്കിലും ?

മാറിടം ഹന്ത! മൌക്തികമാലിക-
ളൂരിയെല്ലാമെടുത്തു പകരമായ്
ശത്രുപത്രികൊണ്ടുഴപ്പിച്ച രക്തമാം
വിദ്രുമസരപ്പങ്ക്തിയണിയുന്നു.

ഘോരനൃത്തം നടന്ന വാളാജിയിൽ
ദ്ദൂരെയെങ്ങോ തെറിക്കുകകാരണം
ദൈന്യമെന്തും വലത്തുകൈ തൂങ്ങുന്നു
ശൂന്യമാമതിൻ കോശത്തോടൊപ്പമായ്.

കെട്ടഴിക്കുന്നു ബന്ധിയെശ്ശാത്രവർ;
വിട്ടുമാറുന്നു വിക്രാന്തിയൊക്കവേ;
ഭദ്രംതാൻ തമസ്സിൻ നിരയ്ക്കത്ര
മങ്ങിമങ്ങിയെരിയുന്ന ദീപവും.





Digitized By Kerala Sahitya Akademi

കൊണ്ടുപോകയാണബ്ഭൂപനെയബ്ഭടർ
        വൻതുറുങ്കിന്നകത്തിട്ടടയ്ക്കുവാൻ—
ഭദ്രഭൂവിലെഗ്ഗർത്തോദരത്തിൽ നൽ-
        ക്ഷത്രവീര്യം കഴിച്ചുമൂടീടുവാൻ.
ഏതുമട്ടിലദ്ദുസ്ഥാനയത്തിടും
        ഹാ! തുലോം ലജ്ജയാർന്ന തൻ മസ്തകം ?
ബന്ധമില്ലയോ നോക്കുവാൻ മാനത്തു
        കണ്ണുനീർത്തൂകി നില്ക്കുന്ന പൂർവ്വരെ ?
ഏതുമട്ടതശ്ശൂരൻ കനിച്ചിടും
        സ്ഫീതഗർവ്വരാം ശത്രുക്കൾ ചൂഴവേ ?
ഖിന്നമല്ലയോ കാണുവാൻ തദ്ദൃഷ്ടി-
        യന്യദീയയായ്ത്തീർന്നൊരു ഭൂമിയെ?
വേത്രികൾ നല്കുമാജ്ഞയ്ക്കധീനനായ്,
        ശാത്രവക്ഷമനുകമ്പനീയനായ്,
സ്വപ്നചാരിയെപ്പോലേ നടക്കുന്നു
        ഭഗ്നൻ നഷ്ടചേതനനപ്പുമാൻ.
പഞ്ജരത്തിന്നകത്തായി തങ്ങളാൽ-
        കുഞ്ജരാരിയെന്നോർത്താരരാതികൾ;
അത്തുറുങ്കുടൻ തീർന്നു നരസിംഹ-
        മൂർത്തി വാഴുന്ന പാവനക്ഷേത്രമായ്.
മുററുമങ്ങിങ്ങു കാണുന്നു ലോകത്തിൽ
        വെററിയെക്കാൾ വിരുതുള്ള തോല്വി നാം,



Digitized By Kerala Sahitya Akademi

ഹീരകത്തിലും മെച്ചപ്പെട്ടതന്നോരു
ചാരുമാഹേന്ദ്രനീലം കണക്കിനെ. 64

III

ബന്ദിശാലയ്ക്കകത്തു ശരീരവും
ചിന്തയാകും ചിതയ്ക്കുള്ളിലുള്ളവും
ചെന്നുവീഴ്കയായ് ദേവനു ; വായ്ക്കുവാ-
നൊന്നുമില്ലതിന്മേലൊരത്യാഹിതം.

ചോളരാജൻെറ മുന്നിലദ്ദുസ്ഥൻ
മൌലിയൊന്നു കുനിച്ചുകൊണ്ടാൽ മതി;
ആയതിൽ വന്നിളകൊള്ളുമക്ഷണം
സ്വീയമാകും കിരീടവിഭൂഷണം.

ആനമിക്കുവാൻ പക്ഷേ പരാങ്മുഖ-
മാനരേന്ദ്രൻെറയത്യുഗ്രമസ്തകം ;
വിശ്വനായകൻ തന്മുന്നിലല്ലാതെ-
യശ്ശിരസ്സു നതമല്ലതേവരെ,

നിർണ്ണയിച്ചു തൻ ജീവിതരേഖയ്ക്കു
മന്നനപ്പോൾ വിരാമമിട്ടീടുവാൻ ;
ആജ്ഞ നല്കി കൃതാന്തനു, തന്മുന്നി-
ലാശ്ശു കിങ്കരന്മാരെയയയ്ക്കുവാൻ.

അന്നപാനാദിസർവ്വും സന്ത്യജി-
ച്ചന്നിമേഷംമുതൽക്കദ്ദൃഢവ്രതൻ



Digitized By Kerala Sahitya Akademi

ഉത്തരദിക്കുനോക്കി നിവസിച്ചു*
    മൃത്യുഭുക്തികഴിഞ്ഞിട്ട മെയ്യുമായ്.
നാലുനാളുകൾ രാവുംപകലുമ-
    ബ്ഭ്രലലാമമതിന്മട്ടു പോകവേ
ഹന്ത ! സാദം വളൎന്നു ; കടശ്ശിയിൽ-
    ക്കണ്ഠലഗ്നമായ്ത്തീൎന്നു തജ്ജീവനം.
ഘോരമാകുമുപവാസദീക്ഷയിൽ-
    പ്പാരമന്നൃപൻ വ്യാപൃതനെങ്കിലും
തൊള്ളയിങ്കൽനിന്നോക്കാതെ പെട്ടെന്നു
    "വെള്ളം" എന്നൊരു ശബ്ദമുതിൎന്നുപോയ്.
"വേണ്ടവേ"ണ്ടെന്നവൻ ചൊന്ന വാക്കുകൾ
    മീണ്ടുകേൾക്കാതെ മന്നിലരാതികൾ
പച്ചവെള്ളമൊരുരൂപ്യപാത്രത്തിൽ
    വെച്ചുകൈക്കുപ്പി വാങ്ങിനാർ ദൂരവേ.
വാരിപൂൎണ്ണമാമബ്ഭാജനം നോക്കി-
    യേറിയേറിവളരുന്നൊരാധിയിൽ
ദ്ദീനനായേവമോതിനാനോരോന്നു
    മാനശാലിയാമമ്മഹീനായകൻ.

---

* പ്രായോപവേശത്തിനു പഴയ ദ്രാവിഡഭാഷയിൽ 'വടക്കിരിക്കൽ' എന്നാണു് പൎയ്യായം. മരണംവരെ ഒരേ ഇരിപ്പിൽ വടക്കോട്ടു നോക്കിയിരുന്നു ശുദ്ധോപവാസം ചെയ്യുക എന്നുള്ളതാണു് അതിന്റെ ലക്ഷണം.



Digitized By Kerala Sahitya Akademi

## IV

"എന്തു ചാപലമാണിന്നു കാണിച്ച-
തെന്റെ നാവേ! വകതിരിവററ നീ?
ഞാനശേഷവിഭവവും കൈവിട്ടു
മാനമാത്രധനനായ്. വസിക്കവേ

ന്യൂനമായത്ര ചോരണം ചെയ്യുവാൻ
പ്രാണനും നീയുമൊന്നിച്ചുചേർന്നുവോ?
എന്തുരച്ചു നീ? 'വെള്ളം'! അതു,ക്കെന്തിന്നു?
ഹന്ത! നിൻനാഥനായുസ്സു നീളുവാൻ!

എന്നു രാജകുലാങ്ഗാരമാമവൻ
തന്നരികളാൽ ബദ്ധനായ്ത്തീർന്നുവോ
അന്നുതൊട്ടു മൃതരിൽ മൃതനെന്നു
മന്ദബുദ്ധി! നീയോർപ്പീല തെല്ലുമേ!

ഹായി! ഹായി! മഹിയിലൊരു വസ്തു
നീയിരന്നതില്ലിന്നേദ്ദിനംവരെ.
ആകെ നീയെന്നുമുച്ചരിക്കുന്നു,വാ-
'ക്കേകുവ'നെന്നു,മാത്രമൊന്നല്ലയോ?

ത്യക്തഖഡ്ഗമാണെൻ പാണിയല്ലെങ്കി-
ലിത്തരമതിദ്രോഹിയാം നിന്നെ ഞാൻ
ഉണ്മയിൽച്ചെറുഖണ്ഡങ്ങളായറു-
ത്തെണ്ണമണിയാക്കി വീഴ്ത്താതിരിക്കുമോ?



Digitized By Kerala Sahitya Akademi

ലോകനാഥ ! തുനിയാത്തതെന്തു നീ
മൂകരായിച്ചമയ്ക്കുവാൻ മർത്ത്യരെ ?
ഹാ ജഗത്തിൽനിന്നന്നേ മറഞ്ഞിട്ടു
യാചനാർത്ഥങ്ങളായുള്ള വാക്കുകൾ.

എന്നിരുമ്പോരേ ! നാണമില്ലേ നിന-
ക്കിന്നിമേലും ദിപാത്തായ് ശാസിക്കുവാൻ ?
പശ്ചിമം നിന്റെ രാജ്യമിന്നോളവും ;
പശ്ചിമനിന്നു നീയും നൃപാലരിൽ.
നീയസൂയപ്പെടുന്നീലയോ ശശഃ-
കായകാരുക്കളാം നിന്നനഗരെ ;—
വെല്ലിടായ്കിലുമാജിഭൂവേദിയാം
പുല്കിടുന്നോരു പൂരുഷശ്രേഷ്ഠരെ.
അത്തരത്തിൽ നിനക്കും പരിണാമ-
മെത്തയാലെത്ര നന്നായിരുന്നിടും ?
ശാത്രവരാൽ ഗൃഹീതനായ്ത്തീർന്നോരു
പാർത്ഥിവനെന്തു മേലേയ്ക്കൊരുൽഗതി ?
ആ ഗ്രഹണത്തിനെന്തുണ്ടു മോചന-
മാകളങ്കത്തിനെങ്ങുണ്ടു മാർജ്ജനം ?
ഭൃതിമാനാമരാതി നിൻവാസത്തി-
നാതിഥേയനായല്ലോ ! മതി ; മതി !
ആയവൻ തരും പാനീയമാശ്രയി-
ച്ചായതായുസ്സു കാംക്ഷിച്ചിടേണ്ട നീ.



Digitized By Kerala Sahitya Akademi

പാരതന്ത്ര്യമരക്ഷണമെങ്കിലും
ചേരുവോരൊന്നു പിന്നെ സ്വാതന്ത്ര്യനാം ?

ദൃഷ്ടമല്ലീ സകൃന്നിപാതംകൊണ്ടു
മുട്ടടഞ്ഞ മഹാർഹമാം വാജിയും ?

എത്ര രാജ്യങ്ങൾ കാല്ക്കീഴിലാക്കിലു-
മെത്ര വെൺപുകൾമേടകൾ തീർക്കിലും

ഫേഖിഖാളുകൾ നിന്നെക്കഥിപ്പതു
ചോളരാജൻ്റെ ബന്ദിയെന്നല്ലയോ ?

അങ്ങു മെന്നാലറിയില്ല നിന്നെയു-
മ്മങ്ഗലാംഗിയാം നിൻ സഹധർമ്മിണി ;

തോല്വി പറ്റിത്തിരിച്ചു പോരുന്നോനെ
മാലയിട്ടവളല്ലമ്മനസ്വിനി.

അസ്തമിച്ചു നിന്നൌർജ്ജിത്യഭാസ്കര,-
നിത്തമിസ്രവും സന്ധ്യയിൽ വന്നുപോയ് ;

തീർത്തിടാം നിന,ക്കെങ്കിലും മേലിലും
കീർത്തിലേശപ്രതിപദ്വിധുവിനെ.

രണ്ടു സാധനമുണ്ടു,തിന്നിന്നോളം
തെണ്ടിടാൻ തലതാഴ്ത്താത്ത ജീവിതം ;

ദ്വിഷ്ടർതൻ കണപ്പോറ്റൽ പറ്റീടാത്ത
പൃഷ്ഠഭാഗം ലസിക്കുന്ന വിഗ്രഹം.

ആയതിലൊന്നു മുക്കി നീ കൊന്നിടാം-
ല്ലീയരിരത്തമായിട്ടും വാരിയിൽ.



Digitized By Kerala Sahitya Akademi

ചേണെഴും നിൻ കലാഭിമാനത്തിനെ
　　നീ നിവാപമീ നീർകൊണ്ടു നല്കൊലാ.
വെള്ളമേ ! കൊടുംനഞ്ഞായിരുന്നെങ്കിൽ
　　നല്ല പീയൂഷമാമായിരുന്നു നീ.
വാരിധിങ്കൽപ്പതിച്ചോരു ഹസ്തിക്ക
　　വാരി വീണ്ടും പുനരുക്തമല്ലയോ ?
അൻപിലഭ്യാഗതൻ നീ പൊറുക്കണ-
　　മെൻ പിഴച്ചോരീ നാവിൻ നിമന്ത്രണം.
അന്യബന്ദികളുണ്ടിന്നഗരിയിൽ-
　　ക്കണ്ണുനീരിനാൽത്തൊണ്ണനനയ്ക്കുവോർ.
ആയവരിലൊരുത്തനു ശുശ്രൂഷ-
　　യായമട്ടമനുഷ്ഠിച്ചുകൊൾക നീ.” 176
ഗീരിതോതിജ്ജലത്തിങ്കൽനിന്നു തൻ
　　ധീരമാം ദൃഷ്ടി പിൻവലിച്ചപ്പുറം
ഇഷ്ടികൊണ്ടു ലഭിക്കാത്ത സൽകീർത്തി
　　പട്ടിണികൊണ്ടു നേടിനാൻ പാർത്ഥിവൻ. 180



Digitized By Kerala Sahitya Akademi

## അതാരു്?

I

ആയിടാം മൂന്നോ നാലോ
  വാരമക്കിടാവിനെ-
ത്തായപെ,ററതിൻ ശയ്യ
  ചാല്ലതൻ താഴ്വാരത്തിൽ.
പിക്കെന്നു ഭീമാകാരം
  ഗൃദ്ധ്രമൊന്നക്കുഞ്ഞിനെ-
ക്കൊക്കിനാൽക്കൊത്തിക്കൊണ്ടു
  മാനത്തിൽപ്പറക്കുന്നു.
ആമിഷഭ്രമത്താലോ
  രത്നഹാരിതൻ ധർമ്മ-
മാമംഹാവിരാട്ടിന്നു
  യുക്തമാകയാൽത്താനോ
താന്തരീകരിച്ചൊര-
  ത്തങ്കത്തെസ്സമീപസ്ഥ-
സാന്ദ്രമൽക്കൂടത്തിലേ-
  പ്പാറമേലണയ്ക്കുന്നു.
ഉത്തുംഗമെന്നാകിലും
  വിസ്താരം കുറഞ്ഞൊര-
പ്രസ്തരം, ഭാസ്വത്തരം,
  ദുസ്തരം, ഭയങ്കരം,
അക്ഷമാധാരം പരം
  വാനത്തിൻ നേർക്കായ്പ്പൊങ്ങും



3

Digitized By Kerala Sahitya Akademi

ദക്ഷമാം ഹസ്തത്തിന്റെ
തർജ്ജനിക്കൊപ്പം നില്പൂ
സ്വാദൊട്ടും നോക്കി,ലതിൻ
മുമ്പിലങ്ങങ്ങോ വീണ്ടും
ഭൂധരാവിട്ടപ്പുത്രി
പ്പോകയായ് വട്ടംചുററി.
പോകുന്നേ ! പോരയേ ! പോരയേ !
പൊരസ്സോരയേ കിടാ" വെന്നു
ക്രൂകിയും വിളിച്ചുംകൊ-
ണ്ടൊട്ടുപേർ ഗ്രാമീണന്മാർ
ബാലരും യുവാക്കളും
വൃദ്ധരും സ്ത്രീകളും
ശൈലത്തിൻ സമീപത്തി-
ലെത്തുന്നു സന്തപ്തരായ്.
ഒന്നു കണ്ണോടിക്കുകിൽ-
കണ്ടീടാമവർക്കെല്ലാ-
മുണ്ണിയെദ്ദൂരത്തിലെ-
പ്പർവതോപലാഗ്രത്തിൽ ;
പേർത്തുമശ്ശിലാമൂർത്തി-
ക്കച്ഛസ്ഥൻ ദ്വിജശ്രേഷ്ഠൻ
ചാർത്തിയോരൊന്നാംതരം
ചന്ദനപ്പൊട്ടിൻ മട്ടിൽ.
അത്യല്പമങ്ങിങ്ങൊന്നു
നീങ്ങിയാൽപ്പോരും വീഴാൻ



Digitized By Kerala Sahitya Akademi

മൃത്യുവിൻ വക്ത്രത്തിന്നു
  തുല്യമാം ഭൂഗർത്തത്തിൽ.
"പെട്ടെന്നഗ്ഗൃധ്രം വരും
  പിന്നെയും നിസ്സംശയം
കട്ടിതന്നിളമ്മേനി
  കോമളം കൊത്തിത്തിന്മാൻ ;
അല്ലെങ്കിലങ്ങെത്തിടും
  വേറേയും ക്രവ്യാദങ്ങ-
ളില്ലല്ലോ രക്ഷാമാർഗ്ഗ-
  മേതുമൊന്നുടനെങ്ങും.
പത്രി ചെന്നെടുക്കവേ
  പാഞ്ഞുപോയിടാം പ്രാണൻ ;
സത്വരം നഭസ്സിങ്കൽ-
  പ്പൊങ്ങവേ പാകാം ശിശു ;
പാറമേൽ പ്രക്ഷിപ്തമാം
  നേരത്തും വരാം മൃത്യു ;-
ആരതിന്നൂട്ടാം പയ-
  സ്സാരേകും കരാലംബം ?"
ഏവമോർത്തെല്ലാവരും
  കൈതിരുമ്മിനാർ നിന്നു ;
ദേവതാഗണത്തിന്നു
  നേർച്ചയും നേർന്നാർ മേന്മേൽ.
അദ്രിതൻ മുകൾപ്പാട്ടി-
  ലായമാന്നേറാനാരു-



Digitized By Kerala Sahitya Akademi

മൃത്യമംകൈക്കൊൾവീല ;
   കാലവും നിൽക്കുന്നീല.
എത്രയും ദുരാരോഹം,
   കണ്ടകാകീർണ്ണം, ദുഷ്ട-
സത്വസങ്കുലം, വിപൽ-
   സങ്കേതമപ്പർവതം.
കേറിനോക്കിനാർ
   കുറേപ്പേരതിൻ മദ്ധ്യദേശത്തോളം ;
കേറിടാൻ കിടക്കുന്നു
   പിന്നെയും ദൂരം പാരം.
പോരുമെന്നോതിക്കൊണ്ടു
   താഴോട്ടു പോന്നാർ വേഗ-
മാരൂഢപാതിത്യത്തി-
   ലല്പവും ലജ്ജിക്കാതെ.
അഞ്ജസാ നോക്കീടിനാ-
   രക്കീശർ തമ്മിൽത്തമ്മി-
ലഞ്ചനാതന്തുജനാ-
   യങ്ങോരാറം ജീവിപ്പീല. 44

II

അല്ലല്ല തെററിപ്പോയീ
   നമ്മൾക്കു ; കേറിക്കേറി-
ച്ചെല്ലുന്നു ഗിരിക്കുമേൽ
   ധീരയാമേതോ നാരി.



Digitized By Kerala Sahitya Akademi

പാതിയല്ലതിൽപ്പരം
ദൂരവും കടന്നൊര-
സ്സോദരിക്കാശംസിപ്പിൻ
മംഗളം—വീര്യം—ജയം.
പാവമന്നല്ലാർ ദീന,
രോഗാർത്ത, യുദ്ധഭംഗത്താൽ
വൈവശ്യമാർന്നോരാം, നവ്യ-
വൈധവ്യവ്യഥാപാത്രം.
ഏകയാ,ണധീരയാ,-
ണെങ്കിലും വല്ലാത്തൊരാ-
സ്സാഹസത്തിന്നസ്സാധ്വി
സത്വരം സന്നദ്ധയായ്.
ഗ്രാമമേ ! ഭവൽപുണ്യം
പൂർണ്ണമായ് ക്ഷയിച്ചീല ;
സാമർത്ഥ്യം ശേഷിപ്പുണ്ടു
കുറേക്കില്ലെന്നാലും.
അന്യർതൻ സാഹ്യം കൊതി-
ച്ചമ്മങ്ങ നില്ക്കുന്നീല ;
തന്നെത്താൻ സപൌരുഷം
കേറുന്നു തപസ്വിനി.
ആരുതാൻ പിടിക്കുന്നോ
കോണിയസ്സതിക്കപ്പോ-
ളാരുതാൻ കാണിക്കുന്നോ
മുന്നോട്ടു പോകാൻ വഴി ?



Digitized By Kerala Sahitya Akademi

പായ്കയോ നദീവേണി
   താഴെനിന്നദ്രിക്കുമേൽ ?
ശാഖിയെത്തോല്പിക്കയോ
   വർദ്ധമാനയാം വല്ലി ?
ഓരോരോ വേരും കല്ലും
   കററിയും പററിപ്പിടി-
ച്ചോരോരോ ദുർഗ്ഗം കട-
   ന്നൊട്ടൊട്ടു പൊങ്ങിപ്പൊങ്ങി
ഭൂധരം സമുല്ലംഘി-
   ച്ചത്തയ്യലെത്തിപ്പോയീ
പൈതലിൻ പര്യങ്കമാം
   പാറതൻ പുരോഭുവിൽ.
നോക്കിനാറം കിടാവിനെ-
   സ്സോൽക്കണ്ഠം കണ്ണീർതൂകി ;-
ബ്ബാക്കിയുണ്ടതിൽ പ്രാണ-
   സമ്പത്തു പാതിക്കുമേൽ.
മുഴവൻ ചതിച്ചീല
   ശകുനി ; തൽസാഹസം
പഴതായീലസ്സ്രീക്കു ;
   ചാരിതാർത്ഥമായ് ജന്മം
മലർമെത്തയിൽപ്പോലെ
   കിടകൊള്ളുന്നു വധ്യ-
ശിലയിൽ ശിശു,വൃദ്ധ,മുത്തുകീ
   ദൃഷത്തിനും.



Digitized By Kerala Sahitya Akademi

ശയനീയത്തിൻ പുറവും
   ഘനമാലയും വായ്പൂ
നിയതി വിതിർത്തിട്ട
   കൊതുകുവലപോലെ.
ഏവർക്കും പയോദാന-
   മല്ലീ തൽ കർത്തവ്യ,മ-
   പ്പാവത്തെപ്പുലർത്തുവാൻ
   വന്നതാം കാദംബിനി.
മെച്ചത്തിൽച്ചുരന്നോരു
   പോർമുലക്കുടങ്ങളാ-
ലശ്ലീലയ്ക്കുച്ഛിന്നമായ്
   ദുഗ്ദ്ധാഭിഷേകം ചെയ്താൾ ;
പ്രീതിപൂണ്ടദ്ദേവിയാൽ-
   ദ്ദത്തമാമപത്യത്തെ-
സ്സാദരം വാങ്ങിക്കൊണ്ടാൾ
   തല്ലലാളനന്തരം ;
ആനന്ദബാഷ്പപ്രപാ-
   താംബുവിൽ സ്നാനംചെയ്യി-
ച്ചുനമറേറകീടിനാൾ
   സ്വാദുവാം സ്തന്യാമൃതം ;
ഉച്ചിയിൽച്ചെമ്മേ മുക-
   ർന്നോമനക്കവിൾപ്പൂവി-
ലുമ്മവച്ചുരസ്സോട
   ചേർത്തണച്ചുദ്യോഗിനി



Digitized By Kerala Sahitya Akademi

താനമർത്ത്യാധ്വാവിൽനി-
ന്നാഹരിച്ചൊരച്ചാരു-
താരകക്കുഞ്ഞോടതാ !
ധന്യയായിറങ്ങുന്നു. 84

III

താഴോട്ടു പോരൂ ! തെല്ലു
സാവധാനമായ് സാധ്വി !
പാഴിലായ് ഭവിക്കൊല്ലേ
ഭവൽകം പരിശ്രമം.
താന്തയാം നിനക്കയ്യോ !
താങ്ങുവാനില്ലപ്പോൾ പ്രാണ-
നാന്തരം ബാഹ്യം രണ്ടു-
ങ്ങാലോചിച്ചിറങ്ങണേ!
പാദമൊന്നങ്ങിങ്ങല്പം
തെററിയാൽപ്പതിക്കുന്ന
പാതാളം ഭയാനകം,
ഭാവനാപഥാതീതം.
സ്വല്പമൊന്നദ്രിശ്രേഷ്ഠ !
സോദരിക്കേകൂ, സാഹ്യം ;
ദുർബലക്കേവൻ ബലം
ക്ഷോണിയിൽ ഭ്രട്ടത്തെന്ന്യേ ?
അങ്ങനയ്യാൾ പാസോക്തി-
യണ്ഡജങ്ങളേ ! ചൊല്ലി



Digitized By Kerala Sahitya Akademi

നിങ്ങൾതൻ നേതാവിന്നു
 നിഷ്ക്രയം നിവ്ത്തിപ്പിൻ.
അങ്ങല്ലീ വിധേ ! ചെയ്ക-
 തന്യായ്യമാമിക്കായ്യ-
മങ്ങതിൻ പരിഹാര-
 മർദ്ധത്തിൽ നിൎത്തീടൊല്ലേ !
എത്തിപ്പോയ് ! കാണ്മിൻ ! കാണ്മി-
 നെത്തിപ്പോയ് ചുവട്ടിങ്ക-
ലത്തനാഥി സാപത്ന്യയായ്—
 ധാത്രിതൻ മാൎത്തട്ടിങ്കൽ !
കാലിണച്ചോരത്തുള്ളി
 വാൎന്നതാം തൽകാന്താരം
കാവിമണ്ണൊലിച്ചതി-
 ന്മട്ടതാ കാണ്മൂ പിന്നിൽ.
ഉണ്ണിയെക്കൈക്കൊൾകയാ-
 യോടിച്ചെന്നന്യസ്ത്രീകൾ ;
മന്നിൽ വീഴ്കയായുടൻ
 മങ്കയും നിസ്സംജ്ഞയായ്.
ആവതും ശുശ്രൂഷചെ-
 യ്തപ്പുറം മോഹം നീക്കി-
യജ്ജീവനെത്തിരിച്ചതിൻ
 സ്ഥാനത്തു വെച്ചാർ വൈദ്യർ.
ഏവളീയമാനുഷ-
 പ്രാഗല്ഭ്യമുക്താശുക്തി ?





Digitized By Kerala Sahitya Akademi

## അതാര് ?

ഏവളീയത്ഭുതപൂ-
 ർവ്വാശ്ചര്യഭണ്ഡാഗാരം ?
'അമ്മ'യെന്നോതേണമോ
 ഞാനിനി പ്രത്യേക,മാ-
ക്മ്മെട്ടിൽച്ചെയ്യാൻ തോന്നു-
 മടിതീയാത്മാർപ്പണം ?
പത്തു മാസവും ചുമ-
 ന്നക്കിടാവിനെപ്പെററ
ലബ്ധകാമയായ്ത്തീർന്ന
 ദേവതാസ്വരൂപിണി !
ഞൗമനസ്യാദിഖ്യമാം
 യാതനാവിശേഷത്തെ-
ത്തുമയിൽ പ്പരാർത്ഥമായ്
 സ്വച്ഛന്ദം വരിച്ചോളേ !
തൻപ്രജാഹിതത്തിന്നായ്
 തൻപ്രിയം ദൂരെത്തള്ളി-
സ്സംഭൃതക്ഷേമം വാഴും
 ഗേഹിനീമഹാരാജ്ഞി !
കേവലം ത്വത്സാഹസം
 സന്താനവാത്സല്യമാം
സൗവർണ്ണപാശത്തിൻെറ
 ദുർന്നിവാരാകർഷണം.
സത്വരം സുദേഹാദരി-
 ക്കിദ്ദിവ്യപ്രേമാണ്ഡജൻ



Digitized By Kerala Sahitya Akademi

## അതാര് ?

പത്രങ്ങൾ നല്കീ പാഞ്ഞു
   പർവതാഗ്രത്തിൽപ്പററാൻ.
എത്രമേൽത്താരുണ്യത്തിൽ
   നീചനായ് കൃതഘ്നനായ്,
മത്തനായ്, മാതൃദ്രോഹി-
   യായിവൻ വർത്തിക്കിലും
മുററുമങ്ങററംവര-
   യ്ക്കീക്ഷമാരനിൽക്കാണും
പെററനാളിലേപ്പോലെ
   പേശലം ദേവാകാരം.
മായമററാരാധ്യമായ്
   മന്നിലൊന്നതെന്നാകി-
ലായതപ്പവിത്രമാം
   തായതൻ ത്യാഗം മാത്രം. 124



Digitized By Kerala Sahitya Akademi

# തത്ത്വോപദേശം

1. സുമുഖിയല്ലേ ഞാൻ? സുഭഗയല്ലേ ഞാൻ ?
സുമശരവധൂസമയല്ലേ ?
കണവൻ തന്നുള്ളെൻ പ്രണയരതത്തിൻ
കനകച്ചെപ്പാക്കാൻ കഴിവില്ലേ ?
മണിമുകുരമെൻ മലർമെയ്മണ്ഡനം
മതിയായിടാഞ്ഞാൽപ്പറയില്ലേ ?
അണിയുമാടയുമഴകെനിക്കേററ-
മരുളിടാഞ്ഞാൽ ഞാനറിയില്ലേ ?
ഇനിയെന്തുണ്ടു ഞാനിവിടെവേണ്ടുവ-
തിനിമയിത്തനാവിയലുവാൻ ?
പനിമതി പുല്കുമിരവേ ! ചൊല്ലൂ ; ഞാൻ
പരമസൌന്ദര്യനിധിയല്ലേ ?
ദമയന്തിന്നിട്ടും ദയിതനെത്തേണ്ട
സമയമെന്തിത്ര വഴുകുവാൻ ?
അലർവിരിഞ്ഞിടുമവസരമറി-
ഞ്ഞളി വരാനിത്ര പണിയുണ്ടോ ?"

2. അരുവയർകുലതിലകമാമൊരു
ഹരിണനേർമിഴി പലമട്ടിൽ
അങ്ങുമിങ്ങും നിനച്ചഹഹ ! തൻ ശയ്യ-
യ്ക്കരികിൽനില്ക്കുകയാണവശയായ്.
അകമേ നിറഞ്ഞടനലിവൊഴും വാക്കൊ-
ന്നവൾ ചെവിക്കൊണ്ടാളുന്നേരം,
മണമിയന്നൊരു മലരിലൂറിടും
മധുവിനെക്കാളും മധുരമായ്.



Digitized By Kerala Sahitya Akademi

3. "എവിടെ നോക്കുന്നു വെളിയിലോമനേ !
സവിധമാർന്നു നിൻ പ്രിയനെ നീ ?
വടിവിൽ നിന്നുള്ളാം മണിയറയുടെ
നടയിൽ നില്പൂ നിൻ ഹൃദയേശൻ.
വളരെ തുച്ഛമായ് വെളിവരാന്തയ്ക്കു
പളപളപ്പിറ്റേപ്പോളരുളി നീ ;
കിടമുറിയെങ്ങല്ലകമേതാണെന്ന-
തിടയിലൊത്തുമേ കരുതീല.
വഴിതെററിക്കുമീ മുകുരം വിട്ടു നിൻ
മിഴിയൊന്നങ്ങോട്ടു തിരിയുകിൽ
അവിടെ മറെറാരു കഥ നീ കണ്ടിട-
മന്മകപൂജയ്ക്കു തുനിവോളേ !
വലയടിച്ചീല ; പൊടിതുടച്ചീല ;
മലിനമാം തറ മെഴുകീല ;
മരകമൽകണ്ണമയമങ്ങളെല്ലാരു
മഹിമയാർന്നിടും മണിമഞ്ചം.
ഇരുളടഞ്ഞൊരമ്മുറിയിലില്ലെങ്ങു-
മൊരു ചെറുവിളക്കൊളിപോലും ;
ഹൃദയവല്ലഭനവിടെയെങ്ങാനും
മുതിരുമോ മുഗ്ദ്ധേ ! കഴൽവെയ്ക്കാൻ ?
കണവനേറുവാനുചിതമാക്കുക
കമനി ! നിൻ മൃദുശയനീയം ;
പ്രണയമൂർത്തി നിൻ പരമപൂരുഷ-
നണയുമക്ഷണമവിടത്തിൽ."

---



Digitized By Kerala Sahitya Akademi

# ഭൂതക്കണ്ണാടി

പുതുമാതിരിയിൽത്തീർത്ത
ഭൂതക്കണ്ണാടിയൊന്നു ഞാൻ
കൈയിലേന്തിയതിൽക്കൂടി-
ക്കണ്ടേൻ സ്ഥൂലിച്ചരാചരം. 1

പരമാണുവിൽ മേളിപ്പൂ
പർവതങ്ങളശേഷവും ;
തണ്ണീർക്കണത്തിലുൾക്കൊൾവൂ
സാഗരങ്ങൾ സമസ്തവും. 2

പൂഴിത്തരിയിൽ മെത്തുന്നു
ഭുവനങ്ങൾ പരക്കവേ;
ചെന്തീപ്പൊരിയിൽ മിന്നുന്നു
ദിവ്യഗോളങ്ങൾ നീളവേ. 3

പിപീലിക വിളങ്ങുന്നു
ബ്രഹ്മദേവന്നു തുല്യരായ്;
മൺപുറ്റു വിലസീടുന്നു
മഹാമേരുവിനൊപ്പമായ്. 4

ധൂമത്തിനുള്ളിൽപ്പൊങ്ങുന്നു
ശോചിഷ്കേശശിഖാങ്കുരം;
പാറയ്ക്കിടയിലൂറുന്നു
പാലൊളിത്തെളിനിർഝരം. 5



Digitized By Kerala Sahitya Akademi

വീണ നെന്മണി പേറീടും
വ്രീഹിരാശികളെത്രയോ ?
വ്യക്തമാം ബീജമേന്തുന്ന
തരുഷണ്ഡങ്ങളെത്രയോ ? 6

നെടുങ്കുഴി ധരിക്കുന്ന
രത്നമാല്യങ്ങളെത്രയോ ?
രാവിൻ കക്ഷി വളർത്തുന്ന
രവിബിംബങ്ങളെത്രയോ ? 7

മഹൌഷധികളായിട്ടു
മാറും ക്ഷേത്രങ്ങളെത്രയോ ?
സിദ്ധമന്ത്രങ്ങളായിട്ടു
തീരും വർണ്ണങ്ങളെത്രയോ ? 8

മലക്കാവുകളാകുന്ന
മരുഭൂമികളെത്രയോ ?
ദേവതാകൃതിക്കാലുന്ന
ശിലാഖണ്ഡങ്ങളെത്രയോ ? 9

ചെമ്മേ വാനിൽക്കരേറുന്ന
ചെറുതാരങ്ങളെത്രയോ ?
സിദ്ധാവസ്ഥയ്ക്കെത്തുന്ന
ദിവാസ്വപ്നങ്ങളെത്രയോ ? 10



Digitized By Kerala Sahitya Akademi

കൃപയ്ക്കൂന്നോടിരക്കുന്ന
കൃമികീടങ്ങളെത്രഭേദം ?
ദയാംബുവെന്നിൽത്തൂകുന്ന
ദിവൗകസ്സുകളെത്രയോ? 11

പറക്കുമീയലിൽപ്പൊങ്ങും
പരമോത്ഥാനകൗതുകം;
പാടുന്ന കുയിലിൽത്തിങ്ങും
പരാരാധനപാടവം ; 12

വിടർന്ന പൂവിൽ വായ്ക്കുന്ന
വിശ്വാവർജ്ജന കൗശലം
തത്തും കിളിയിലോലുന്ന
ചരണന്യാസവൈഭവം; 13

സ്തംബത്തിലും വിജൃംഭിക്കും
ധാതാവിൻ സൃഷ്ടിനൈപുണി ;
കാലാകാരത്തിലും ചേരും
കല്യാണഗുണധോരണി ; 14

ശവഭസ്മത്തിൽ വർത്തിക്കും
ചരിത്രാഖ്യാനചാതുരി ;
ശാന്തോടജത്തിൽദ്ദ്യോതിക്കും
തത്വാധ്യാപനവൈദഗ്ധി ; 15



Digitized By Kerala Sahitya Akademi

പ്രഭാകീടം സ്ഫുടിപ്പിക്കും
പ്രപഞ്ചത്തിൻ രാജസ്ഥിതി ;
ജ്വലക വികസിപ്പിക്കും
ജീവാത്മാവിൻ പുരോഗതി ; 16

ഇമ്മട്ടു പലതും കാട്ടി-
യെന്നെയാ മണിദർപ്പണം.
അഹോ ! നിമഗ്നനായേൻ ഞാ-
നാനന്ദമരസിന്ധുവിൽ. (കുളകം) 17

അപ്പുറം തൃപ്തനാമെൻെറ-
യകമാമാലിലപ്പുമേൽ
ബ്രഹ്മാണ്ഡത്തെ വഹിച്ചീടും
പ്രേമാത്മാവാകുമീശ്വരൻ 18

ചരാചരസമൂഹത്തെ-
സ്സൗഹാർദ്ദപ്പട്ടുനൂലിനാൽ
ചേർത്തിണക്കി വിളങ്ങുന്ന
ചിത്രമാം കാഴ്ചകണ്ടു ഞാൻ. (യുഗ്മകം) 19

ഇത്തമ്പിലും ഞാൻ വായിച്ചേൻ
ധ്വനികാവ്യം സുധാമയം ;
മൌനത്തിലും ചെവിക്കൊണ്ടേൻ
മധുരം വല്ലകീക്വണം. 20



Digitized By Kerala Sahitya Akademi

## നടതുറക്കൽ

I

ഉടയതമ്പുരാനരുളും കോവിലിൻ
നടയടഞ്ഞത്രേ കിടപ്പതിപ്പൊഴും ;
അതു തുറപ്പതിന്നൊരു വഴിയെന്തെ-
ന്നധികം പേരുമൊട്ടറിവതുമില്ല.
ഒരുനിറക്കാർക്കുമൊരുമതക്കാർക്കു-
മൊരുവിഷയത്തിൽക്കൂടിക്കൊള്ളുന്നോർക്കും
തനിച്ചങ്ങുള്ളിൽപ്പോയ്ത്തൊഴുതു പോരുവാൻ
തരപ്പെടില്ലതാണതിന്റെ വൈഷമ്യം.
പതിനെട്ടാംപടി കയറണമെങ്കി-
ലതിനു ചെല്ലണമഖിലരുമൊന്നായ് ;
കരങ്ങൾ കൂടണം കരങ്ങളോടൊന്നി-
ച്ചുരുമ്മണം ചുമൽ ചുമലൊടേവർക്കും ;
അതുകൊണ്ടും പോരാ ; ഹൃദയത്തോടൊത്തു
ഹൃദയം സംശ്ലേഷിഞ്ഞു ചേരണം.
സമുൽഗതിക്കുള്ള സമഗ്രസൗകര്യം
സമസ്തലോകർക്കും സമാനമാകണം.
ഒരുത്തൻ പിന്നാക്കം കിടന്നുപോകുകി-
ലൊരുത്തൻ മാത്രമായ് ഭേദിക്കും മററുള്ളോർ !
പടിയൊന്നേറുംമുൻപവരെയും കൊണ്ടു
കടുവാ കാട്ടിൽപ്പോയ് മറകയും ചെയ്യും.
ഒരുമിച്ചെൻ മക്കൾ വരൂ തൊഴാനൊന്നാ-
ത്തിരുനട കോവിലിലിതുവരെദ്ദേവൻ.



Digitized By Kerala Sahitya Akademi

വരുന്നില്ലൊട്ടുപേർ—അൽകതർ—മുന്നോട്ടു;
　　വരുന്ന ശേഷംപേരനഥർ വന്ദിപ്പാൻ.
മിനക്കെട്ടെന്തിനീയിരിപ്പകത്തെന്നു
　　നിനച്ചു വിശേ-ശൻ പുറത്തുപൊയ്പ്പോയി.

വെള്ളിമതിൽക്കതകടച്ചു പൂട്ടിക്കൊ-
　　ണ്ടെള്ളിയോരെത്തിരഞ്ഞിറങ്ങി തമ്പുരാൻ.
പിറവിയിൽ മാമൂൽ കുഴിയിൽ വീഴ്ത്തുവോർ;
　　വറുതിയാം ഭ്രതം കടിച്ചു തിന്നുവോർ;

ഗദപ്പെരുമ്പാമ്പു വരിഞ്ഞിറുക്കുവോർ;
　　കടനക്രൂരമ്പു കരൾ പുണ്ണാക്കുവോർ;
മൂടവർ, ജാത്യന്ധർ, ചെകിടരുന്മത്തർ:—
　　ഉടയവനിവർക്കു ഭയില്ലായി.

ഇവരോടൊന്നിച്ചേ തിരിച്ചിറിപ്പോരൂ;
　　ഭവനം ശൂന്യം താൻ തദീയമന്നോളം.
തഴതകത്തിട്ടല്ലടഞ്ഞതതപാരം;
　　പഴുതുമില്ലുള്ളിൽക്കടക്കുവാൻ വേറേ.

ചിലരൊരുങ്ങുന്നു തുരങ്കം തീർക്കുവാൻ;
　　ചിലർ മുതിരുന്നു ചവിട്ടി വീഴ്ത്തുവാൻ;
ചിലർ തുടങ്ങുന്നു കതിച്ചു ചാടുവാൻ;
　　ചിലർ തുനിയുന്നു പറന്നു പററുവാൻ.

അധോഭുവനത്തിൽക്കവിഞ്ഞ താഴ്ചയു-
　　മമരലോകത്തിൽക്കവിഞ്ഞ പൊക്കവും



Digitized By Kerala Sahitya Akademi

മതിലതിന്നുണ്ടു ; മനുഷ്യർക്കുദുർഗ്ഗ-
മതിലംഘിക്കുവാനരുതൊരിക്കലും.
അകത്തുപോകിലും ഫലമെ,ന്തച്യുതാ-
മഖിലനായകനവിടെയില്ലല്ലോ. 48

## II

ഉലകിൻനാഥൻതൻ നടയിലൊട്ടുപേർ
പലമട്ടിൽത്തിക്കിത്തിരക്കിക്കൂടുന്നു.
തനിക്കൊരാൾക്കുതാൻ തരും വരം സ്വ-
ജനകനെന്നോരാ ജളന്മാരോർക്കുന്നു.
നുഴഞ്ഞൊരുവിധമകത്തു ചെന്നുള്ളിൽ-
ത്തഴുതിടാൻ നടകൾ കതകിൽ നിൽക്കുവോർ ;
പണം കിലുക്കിയാൽ ഭഗവാൻ നിദ്രവി-
ട്ടുണർന്നെഴുന്നേൽക്കുമെന്നോർക്കുവോർ;
തൊടലും തീണ്ടലുമകലുവാൻ വേണ്ടി-
യിടയ്ക്കു പൊയ്കയും കിണറും തേടുവോർ ;
അതികൃശമതി വിട്ടു, വഴിട്ടെത്തെ-
ച്ചതിക്കിലെന്തെന്നു നിനച്ചിട്ടുക്കുവോർ ;
തനിക്കില്ലെങ്കിലും തരക്കേടി,ല്ലന്യ-
ന്നണയൊലാ ശുദ്ധമതിന്നു കൂപ്പുവോർ ;
കഴിയും മട്ടെല്ലാം പരരെ ദ്രോഹിപ്പാൻ
വഴിപാടോരോന്നു മുറയ്ക്കു നേരുവോർ ;



Digitized By Kerala Sahitya Akademi

I

അത്രം കടസ്ഥിയിൽക്കഴിച്ചിടാസ്ഥില്ലു-
മറിവതാരെന്നോർത്തകം കുളിരുവോർ ;
ശിലയിൽക്കൊത്തിയ വധുവിൻ രൂപവു-
മുലയുമുള്ളത്തൊട്ടളിഞ്ഞു നോക്കുവോർ ;
നടയൊരു മതപ്പടനിലമാക്കി-
പ്പടനിണപ്പുഴയതിലൊഴുക്കുവോർ :—
ഇവണ്ണമുള്ളൊരു ഭജനക്കാരെക്കൊ-
ണ്ടവശനായ് ത്രലോകം കുഴങ്ങിപ്പോയ് ദേവൻ. 72

III

അരുവയർകുലമണികളും ചിലർ
തെരുതെരെ വന്നു നിരന്നു നില്ക്കുന്നു.
മുഖമവർ തെല്ലൊന്നുയർത്തിയാലത്ര
മുഴുമതികളുള്ളിലഴൽപിണയുവാൻ ;
തറയിലേക്കൊന്നു കുനിയുകിലത്ര
തട...നോക്കിത്താലകുലുക്കുവാൻ ;
പരിസരം പരം പുരികുഴലിലെ-
പ്പരിമളത്തിനാൽ സുരഭിയാക്കിയും ;
അതുലഭൂഷണപ്രഭകൊണ്ടങ്ങെങ്ങും
പുതുമഴവില്ലിന്നഴകൊഴുക്കിയും ;
ഇളന്തളിർക്കരവിരലുകൾകൊണ്ടങ്ങി-
ങ്ങിളകിടും കുറുനിരയൊതുക്കിയും ;



Digitized By Kerala Sahitya Akademi

ഇടംവലം മാറിലുലയും മാലകൾ
    നടുവിലാമ്മാറു ശരിക്കു നിർത്തിയും ;
തുടുകവിൾത്തട്ടിൽ പൊടിയും വേർപ്പുനീർ
    ദുകൂലഖണ്ഡത്താൽത്തുടച്ചുമാററിയും ;
തെളുതെളെച്ചെഞ്ചുണ്ടലരിൽപ്പുഞ്ചിരി-
    ക്കുളിർനിലാവൊളിക്കളി വിളയിച്ചും ;
കഴലണിച്ചെമ്പൊൻ ചിലമ്പൊലികേട്ടു
    കരളിലാനന്ദകലവികൾതേടിയും ;
അടുക്കൽ നിന്നിടും യുവാക്കളിൽക്കള്ള-
    ക്കടക്കണ്ണിന്മുനക്കണകളേല്പിച്ചും ;—
ഭവതിയെങ്ങോട്ടു ഗമിപ്പൂ സോദരി !
    ഭുവനനാഥനെബ്ഭജിക്കുവാൻ താനോ ?
പൊരുത്തമില്ലല്ലോ ഭഗവൽഭക്തിക്കും
    പെരുത്തൊരീരൂപമദത്തിനും തമ്മിൽ.
പ്രണയമീശ്വരന്നണയുവാൻ മനം
    ഗുണമണിഗണമണിയണമല്ലോ,

## IV

എനിക്കുമാത്രമെൻ വിട്ടു തുണയെന്നു
    നിനയ്ക്കുവാനെന്തേ നിദാനം സോദര ?
അഹോ! ജഗത്തിൽ നീയൊരുത്തനോ വാഴ്‌വാൻ?
    പ്രകൃതിയത്രയ്ക്കു നശിച്ചു മച്ചിദയാ ?



Digitized By Kerala Sahitya Akademi

വളരെപ്പേരില്ലേ നിനക്കും പാല്യരായ്—
കളത്രം—അഭക്ർ—ഭുജിഷ്യർ—ബാന്ധവർ?
ഒരാളെ മാത്രമായ് ത്തുണയ്ക്കുമോ സവ്-
ചരാചരങ്ങൾക്കും ജനകനീശ്വരൻ ?

ഇതരക്കീശൻണ്ടിതരനെന്നോ നിൻ
മതം ? നിനക്കെന്തീ മദാന്ധദർശനം ?
സ്വരാജ്യബന്ധുതാൻ മനുഷ്യനേവനും ;
സ്വരന്ധ്രരാഗമുണ്ടഹിക്കുമൂഴിയിൽ ;

സ്വജാതിസ്സ്നേഹവും സുലഭംതാനാക്കും ;
നിജവർഗ്ഗം പ്രിയം കൊടിയ ചെന്നായ്ക്കും.
സകലലോകരും സഹജരെന്നാക്കും
ഭഗവദ്ഭക്തർ പരം സുഭ്ദർല്ലഭർ.

ഉലകം നന്നാവാൻ ഭജിക്ക ദൈവത്തെ—
പ്പ്ഫലമപ്പൂജയ്ക്കു ദ്ദഢം നിൻ ഭവ്യവും.
അവിടുത്തെത്തൃക്കാൽത്തളിരിലപ്പിപ്പാൻ
സുവർണ്ണപുഷ്പം നീ ചുമന്നിടേണ്ടൊന്നും ;

ഒരു മലർ നിന്മെയ്ക്കകത്തില്ലേ—മനം ?
ഒരുക്ക പൂജിപ്പാനതു യഥോചിതം.
കൃമിയും കീടവുമതിങ്കലെത്രയോ
കിടന്നുതത്തുന്നതറിയുന്നില്ല നീ,

കരത്തിലെന്തിനിക്കരിക്കുരുവുന്നു ?
പരമപൂരുഷനിവേദനത്തിനോ ?



Digitized By Kerala Sahitya Akademi

അതല്ല വേണ്ടുവതാണജന്റെ മുമ്പിൽ നീ
ഹൃദയമാം കരിക്കുടച്ചുകാട്ടണം.
ഇനിപ്പും വെണ്മയുമിയലുമാറതി-
ലനശ്വരാമൃതം നിറഞ്ഞിരിക്കണം.
തലമുടിയുടെ കറുപ്പു മാററിടും
ചിലദിനം ചെന്നാൽ സമയത്തിൻ കരം ;
മുറയ്ക്കുമേൽക്കുമേൽപ്പെരുക്കുമുള്ളിലെ-
ക്കറുപ്പു കൈയാൽ നീ കഴുകിയേ പോക്കു.
യജനയോഗ്യമോ ജഗൽപിതാവിനീ-
യജവും കോഴിയുമപരജന്തുവും?
ജനകനേവൻതാൻ കനിവു തന്നുന്നിൽ-
ക്കനിഷ്ഠൻതൻഗളമറുക്കും ജ്യേഷ്ഠനിൽ ?
ഒരു മൃഗമില്ലേ ഹൃദയത്തിൽ—കാമം ?
കുരുതി നൽകു നീയതൊന്നിനാൽ മാത്രം.

V

വഴിയിൽ നിന്നു തെല്ലൊഴിഞ്ഞു നിൽക്കവി-
നെഴുന്നള്ളാറായി പതിതപാവനൻ.
അവിടുത്തേമുന്നിലകമ്പടി നട-
ന്നവനതരായ് വരുന്നു ദൂരവേ.
അവശരല്ലവരനാഥരല്ലിനി-
യവർക്കുതാങ്ങലുണ്ടഖിലനായകൻ.



Digitized By Kerala Sahitya Akademi

സരസ്വതി ലക്ഷ്മിയ്ക്കവരും ചേൻ
പരമദ്ദീനരെപ്പരിചരിക്കുന്നു.
അവരതാ നമ്മൾക്കടുത്തുവന്നുപോയ് ;
നവയുഗാരുണോദയം ചെയ്തുപോയ്.

വഴികൊടുക്കുവിൻ ; വമ്പരെല്ലാരെനി-
ന്നുഴറിയെത്തിടുമവർക്കും—ഈശനും.
നടവിട്ടൊന്നു തെല്ലൊഴിവിൻ ; തൻ കോവി-
ലുടയതമ്പുരാൻ തുറന്നുകൊള്ളട്ടെ.

അകത്തുചെന്നു മേലവർക്കും നമ്മൾക്കും
ജഗൽപിതാവിനെബ്ഭജിച്ചിടാമല്ലോ.* 156

---

* തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശനവിളംബരത്തിനു പത്തു മാസം മുൻപു പ്രസിദ്ധീകരിച്ചതു്.



Digitized By Kerala Sahitya Akademi

# സമരതൃഷ്ണ

I

പോരതാ ! പിന്നെയും പോർ, രതിപ്രോച്ചണ്ഡ-
മാരണഭേരീതാഭീകരതാണ്ഡവം.
മങ്ങുമാറാക്കുന്നു ശാന്തിഗീതത്തിനെ-
സ്സംഗ്രാമദുന്ദുഭിധ്വാനകോലാഹലം.

തീനിടാനിഷ്ടരാം ഗൃദ്ധ്രങ്ങളോടേല്പു
മാനത്തുപാറിപ്പറക്കും പതാകകൾ.
ചീളെന്നു മുന്നോട്ടു നീളുന്നു പീരങ്കി
കാലൻെറ ദൂതർതൻ കൈത്തണ്ടപോലവേ.

ഭീമാതിഭീമമാം സൈന്യം വെളിക്കൊൾവു
പോർമാരിവെള്ളം പരക്കും കണക്കിനെ.
തെരുക്കൊട്ടു പോകുവാനാജ്ഞപ്പെട്ടക്കൂട്ടർ ;
തെക്കെത്രദൂരമെന്നാർ കണ്ടു ദൈവമേ !

ഏന്തുന്നു ദില്ലിയാം പട്ടണം ദുർമ്മദ-
ഭ്രാന്തൊടുമത്താടുന്നോരാനതൻ ചാപലം. I 4

II

ആപ്പട്ടണത്തിൻ വെളിക്കൊരേടം ഹൃത്തിൽ
വായ്ത്തതാം ജ്യോതിസ്സിലേകാഗ്രനായ്ത്തുലോം
മേൽക്കുമേൽ ധ്യാനം തുടർന്നു വാണീടുന്നു
'ഷേക്'മിയാൻവാലി'യെന്നോതുന്ന താപസൻ.



Digitized By Kerala Sahitya Akademi

തൻ രാജധാനിവിട്ടപ്പുറംപോം മുമ്പു
        ചെന്നാ മഹാൻതന്നനുഗ്രഹം വാങ്ങുവാൻ
ഓർത്താനറംഗസീബത്തരം സിദ്ധരിൽ
        പ്രീത്യാദരാഢ്യമപ്പൃഥ്വീന്ദ്രമാനസം.
മാനിച്ചുചെന്നാൻ മഹായോഗി മേവുന്ന
        മാമരച്ചോട്ടിലെക്കപ്പമൺചെററയിൽ ;
സങ്കോചമെന്നിയേ കൂപ്പിനാൻ ഭാരത-
    ച്ചെങ്കോൽ വഹിക്കുന്ന കൈകൊണ്ടു ദിവ്യനെ—
അററംവെടിഞ്ഞുള്ള മുസ്ലിമീൻഭക്തരാൽ-
        ച്ചുററപ്പെട്ടുന്നോരു സുശ്രാവ്യവൃത്തനെ.
ഓതിനാനപ്പുറം കണ്ണടച്ചീശൻെറ
        പാദം ഭജിക്കുമാപ്രാജ്ഞനൊടിങ്ങനെ ;
"ഗോൽക്കൊണ്ഡയോടും ബിജപ്പൂരൊടും മപാരിൽ
        നേക്കുന്നോരെന്നെയൊന്നാശീർവ്വദിക്കണേ !
പ്രാർത്ഥിക്കണേ ! ഭവാൻ ദൈവത്തോടെൻ സേന
        പോർത്തു ജയിച്ചെൻെറ പേർ പുലർത്തീടുവാൻ.
കേളിയെഴും ഭവൽ പാദമൂലത്തിൽ ഞാൻ
    ജാളീകപ്പെട്ടു വെയ്പ്പു നാലഞ്ചു, കാഴ്ചയായ്."

## III

അസ്ഥീരു കണ്ണത്തിലേറവേ ശാന്തനാം
        പക്കീരി മെല്ലെത്തുറന്നാൻ വിലോചനം.



Digitized By Kerala Sahitya Akademi

സമ്മദം കൈവിട്ടു നോക്കിനാൻ നമ്രനായ്-
തന്മുന്നിൽ നിൽക്കുന്ന സാമ്രാജ്യനാഥനെ.
പാദകാണിക്കയായർപ്പിക്കുവാൻ ചില്ലി
സാദരം കൈയിലൊന്നേന്തിയക്കെപ്പുറം
ദൂരത്തു നിൽക്കുന്ന നിസ്സ്വനാമന്യനെ-
ച്ചാരത്തണച്ചവമോതിനാൻ സസ്മിതം. 44

## IV

"അർപ്പിച്ചുകൊൾക നീ വത്സ ! നിൻ കൈപ്പൈസ-
യിപ്പിച്ചതെണ്ടിതൻ ഭിക്ഷാത്തിലിക്ഷണം.
വീഴട്ടെ ചെന്നതിമ്മണ്ണിട്ടിടും തോറു-
മാഴം പതിന്മടങ്ങേറുന്ന കുക്ഷിയിൽ !
ആരെന്നു ശങ്കിച്ചിടേണ്ട നീ ; ഞാൻ പൊലച്'വ-
തീരാജരാജനാമല്ലനെപ്പററിയാം.
നീയെത്ര പാടുപെട്ടാർജ്ജിച്ചതിക്കാശു ?
നീയതന്യാത്ഥം ത്യജിപ്പാൻ കൊതിപ്പവൻ;
ഇദ്ദുർഗ്ഗതൻ ഹന്ത ! ഭാരതക്ഷോണിതൻ
ഭർതൃതചമാന്നിട്ടുമിന്നും ക്ഷുധാതുരൻ ;—
കഷ്ടമേ ! സാധുക്കളന്യർതന്നോദനം
കട്ടും കവന്നും ഭുജിപ്പാനൊരപ്പവൻ.
ചട്ടയും തൊപ്പിയും സമ്രാട്ടിനുള്ളതാം ;
ചട്ടവട്ടങ്ങളോ മററപ്പടിക്കുമാം.
നമ്മൾക്കു നിത്യാന്നകമ്പാഢനാപ്പോളു-
മമ്മട്ടിൽ വാഴുമീട്ടീനചൂഡാമണി." 60



Digitized By Kerala Sahitya Akademi

## V

ആവാക്കു കേൾക്കെ ജ്വലിക്കിലും ക്രോധാഗ്നി
        കൈവാളിളക്കുവാൻ ധൈര്യമില്ലായ്കയാൽ
സ്തംഭിച്ചുനില്ക്കുന്ന സാമ്രാട്ടോടപ്പുറം
        ഗംഭീരമീവാക്യമോതീ കൃപാനിധി.
"രാജൻ! ഭവാൻ വീണ്ടുമർപ്പിച്ചുവോ മനം
        ഹാ! ജന്തുഘാതാർത്താകം പിശാചിനായ്?
പോരെന്ന വാക്കെത്ര വേഗത്തിലോതിടാം!
        ഘോരത്വമെത്രയ്ക്കു വാസ്തോന്നതിൻ പൊരുൾ
കൊന്നിടാൻ പാടില്ലൊരുത്തനൊരുത്തനെ—
        കൊന്നാൽ കൊലക്കുററവാളിയായപ്പുമാൻ;
ലക്ഷോപലക്ഷം ജനങ്ങളെക്കൊല്ലുന്ന
        രക്ഷാധിപക്കൊത്ത രാജന്യരാജിയിൽ!
ഭൂഷണംപോലുമക്കൂട്ടക്കു—തെന്തുണ്ടു
        ശേഷം കഥിപ്പാൻ? വിശിഷ്ടമീ വിഷ്ടപം!
ഭൂകമ്പവായ്പിലോ സാംക്രാമികങ്ങളാം
        രോഗങ്ങൾ പെട്ടോ മരിക്കട്ടെ മാനുഷർ;
ദൈവം വരുത്തുമാപ്രാകൃതക്ഷോഭങ്ങ—
        ളാവാം സഹിപ്പാൻ; അസഹ്യമായോധനം.
ചാവോരസംഖ്യമാം രണ്ടുപക്ഷത്തിലും;
        ചാവാതെ ചാവോരതിൽ പത്തിരട്ടിയാം:—
കാലററ, കൈയററ, കണ്ണററ, നിർവ്വാണ-
        കാലത്തെയും കാത്തിരിക്കേണ്ട ദുർഗ്ഗർ.



Digitized By Kerala Sahitya Akademi

വൈധവ്യമാർന്നിടും സാധ്വിമാരെത്രപേർ ?
താതരാൽ ത്യക്തരാം പൈതങ്ങളെത്രപേർ?
താങ്ങററ വൃദ്ധർ ജരാതുരരെത്രപേർ ?
സർവസ്വവും പോയ സാധുക്കളെത്രപേർ ?
ഇത്തരം സർവസസ്യാഢ്യയാം ഭൂമിയെ-
ക്ഷണത്താൻ 'സഹാറ'യായ് മാററുന്ന പോരിനെ
പേർത്തും വരിച്ചേച്ചു ബുദ്ധിമാൻ രാഷ്ട്രങ്ങൾ
ചെയ്‌വതാണോ ചെങ്കോൽ ചെലുത്താൻ തുനിഞ്ഞിടും?
൪0

## VI

“ആയില്ലയോ വയസ്സഞ്ചുമൊട്ടേറെ ?
യായുധാഭ്യാസത്തിനെന്തിനിത്താമസം ?
പോരായോ പാപം സമാർജ്ജിച്ചു,തെന്തിനു
നാരകം വേറിട്ടു തീർക്കുന്നു പിന്നെയും ?
അല്ലെങ്കിലാബാല്യഭ്രാതൃഘാതത്തിനാൽ ബാല്യ-
മുല്ലംഘനം ചെയ്തോരങ്ങയോടീത്തരം
ശിഷ്ടാനുശാസനം ഞാൻ ചെയ്യുതൊട്ടൊക്കിൽ
വെട്ടുന്ന പോത്തോടു വേദമോതുന്നതാം.
ഒന്നോർക്കണം ഭവാൻ സാധുക്കളെപ്പോരിൽ
വെന്നാര വാളാക്കമേറില്ലറയ്ക്കുകം;
തുള്ളിത്തിരിച്ചുപാഞ്ഞെത്തുന്നെങ്കിലും കൊല-
പ്പുള്ളിതൻ മാറിടം കീറിപ്പിളർന്നിടും ;



Digitized By Kerala Sahitya Akademi

പെട്ടെന്നതാം, കുറേക്കാലംകഴിഞ്ഞുമാം ;
        പെട്ടിടാം തന്നിലോ തന്റെ വംശത്തിലോ.
വാഴ്കും പ്രതീകാരമെത്രനാളെന്നാലു,-
        മാർക്കും തടുക്കാവതല്ലതിന്നാഗമം.
'രോമകാ' ഖ്യമാം സാമ്രാജ്യമേറെനാൾ
        സീമയില്ലാതുള്ള രാജ്യങ്ങൾ വാണപ്പോൾ ;
ശ്രേഷ്ഠമാം തൽഭദ്രപീഠത്തിലപ്പുറം
        കാട്ടാളർതൻ നായ്ക്കൾ കേറിനിരങ്ങിപോൽ.
വീതശങ്കം മന്നർ ദേവന്ദ്രാളുമല്ലാതെ-
        യേശുവെൺകൊററക്കുടയും വിരിക്കൊലാ.
ശീഘ്രമച്ഛത്രം പൊളിഞ്ഞുപോം ദീനർതൻ
        ദീർഘനിശ്വാസക്കൊടുങ്കാററു വീശിയാൽ,
ത്രാസിൽപ്പരസ്വത്തൊടേടത്തു കേറുകിൽ-
        ത്താഴോട്ടുപെട്ടെന്നിറങ്ങുമത്തട്ടടൻ ;
അല്പപ്രമാണമാം മറേറത്തുയർന്നിടും
        ചില്പൂരുഷൻ തന്റെ ചേവടിത്താർവരെ.
പാരം കൊതിപ്പതെ, ന്തങ്ങാപ്രദേശങ്ങൾ ?
        വൈരം വിളഞ്ഞിടുന്നുണ്ടെന്നഹേതുവാൽ !
അ വൈരമങ്കുരിത്തി തിന്നാലതി-
        ന്നാത്മഹത്യയ്ക്കില്ലരക്ഷണം താമസം.
തേടൊല്ല വീണ്ടും ഭവാൻ നരാഖേടാശ ;
        കീടത്തിനും കാമ്യമാണതിൻ ജീവിതം.



Digitized By Kerala Sahitya Akademi

വിസ്താരമേറുമിക്ഷ്മാതലം മിന്നട്ടെ
    തത്താദൃശങ്ങളാം നിമ്നോന്നതങ്ങളാൽ.
ഘോരയാറൊട്ടേറെ വെട്ടുവാനിന്നങ്ങു
    കോരിച്ചൊരിഞ്ഞീടാനൊക്കും ധനത്തിനാൽ
വേറിട്ട കർത്തവ്യമില്ലയോ ? നാട്ടിലെ-
    ദാരിദ്ര്യദുഃഖം ശമിച്ചുവോ സർവ്വവും?
എപ്പൊഴും ദൈവത്തൊടർത്ഥിപ്പൂ ഞാൻ ഭവാൻ
    സദ്ബുദ്ധിശാലിയായ് ശാന്തനായ്ത്തീരുവാൻ.
ജാളികപ്പെയൊക്കെയങ്ങേയ്ക്കൂഴം മണി-
    മാളികയ്ക്കുള്ളിൽക്കിടന്നു കണ്ടാൽ മതി.
ജീവികളേവരും തുല്യസന്താനങ്ങൾ
    ദൈവത്തിനെന്നുള്ള തത്വമെന്നോർക്കുമോ,
ഏറെത്തഴച്ചാലുമിമ്മെയ് പുതയ്ക്കുവാ-
    നാറടിപ്പാട്ട മൺ പോരുന്ന മാനുഷ?” 138

## VII

ഓതിനാനിമ്മട്ടു താപസൻ ; തദ്വാക്യ-
    മേതും ഗ്രഹിക്കാത്ത ഭാവത്തിൽ മന്നനും
ഈവിഡ്ഢിയുന്മത്തനെന്നുരച്ചുംകൊണ്ടു
    സേവകന്മാരുമായ്പ്പോരിനിറങ്ങിനാൻ. 142



Digitized By Kerala Sahitya Akademi

# ശാസ്ത്രവും ശസ്ത്രവും

സിന്ധുരാജ്യത്തിങ്കലെ-
ശ്ശാസ്ത്രിമാരനാചാരോഗ്ര-
ബന്ധുക്കൾ ചിലർ പണ്ടു
നേപ്പിയർസ്സായ്‌പോടോതി :
"ഭർത്താവോടൊപ്പം ഭസ്മി-
ച്ചീടണം ചിതാഗ്നിയിൽ
പത്നിയെന്നല്ലോ ശാസ്ത്രം
ഞങ്ങൾക്കു ഹൂണപ്രഭോ !
നാരീടയ്ക്കിതിൽ ഭേദം
വന്നീടിൽ നശിച്ചുപോം
ഭാരതം ; പതിച്ചുപോം
നാരകത്തിലും താഴെ.
ഞങ്ങളിച്ചട്ടം മുറ-
യ്ക്കാചരിക്കയേയുള്ളൂ ;
നിങ്ങൾക്കെന്തിതിൽ കാര്യ,-
മാസ്ത്രീകളസ്മൽസ്ത്രീകൾ."
ഓതിനാനല്പം ചിരി-
ച്ചുത്തരം ഹൂണാധീശൻ :
"ആദരിച്ചീടാം ഞാനി-
ശ്ശാസ്ത്രമെൻ സഗർഭ്യരേ !
ഉണ്ടു നാരിയെത്തീയിലി-
ച്ചുട്ടെരിപ്പോരെത്തൂക്കി-





Digitized By Kerala Sahitya Akademi

ഉണ്ടായാൽക്കൊന്നീടുവാൻ
ഞങ്ങൾക്കുമൊരുശാസ്ത്രം.
രണ്ടുശാസ്ത്രവും നമ്മൾ-
ക്കാചരിച്ചിടാമൊപ്പം."—
കണ്ടില്ല മാമൂൽക്കാരെ-
ക്കണ്ടുന്നിലെങ്ങും പിന്നെ.

---



Digitized By Kerala Sahitya Akademi

## കവിയും കീർത്തിയും

I

അവനുമൊരുകാവ്യകൃത്തെത്രയോ കാലമാ-
യവളുടെ കടാക്ഷത്തിനാശിച്ചിരിപ്പവൻ ;
അതനുതരവാസനാവൈഭവം വാച്ചാലു-
മധനനൊരുപിൻതുണയ്ക്കാരുമില്ലാത്തവൻ;
അബലസമുദായാംഗമാകയാലെന്നാളു-
മപകരുണമന്യരാലാക്ഷിപ്തനാകുവോൻ ;
പ്രഹതപഥസഞ്ചാരശീലനല്ലായ്കയാ-
ലഹിതരെയുമൊട്ടേറെയാർജ്ജിച്ചുവെച്ചവൻ.

II

വെളിയിലൊരു വെൺമാടമുണ്ടതാ ! കാണുന്നു
നളിനമിഴിതൻ ഗൃഹം, നാനാഗുണോജ്ജ്വലം.
അവിടെയണവാനവൻ മുന്നോട്ടു കാൽവെയ്ക്കി-
ലവനുടെ ഗളത്തിലൂന്നർദ്ധചന്ദ്രാഗമം.
പലരുമവിടെച്ചെന്നു പറവുന്നു നിത്യവും
പലവഴിയ്ക്കന്നിലയ്ക്കർഹരല്ലാത്തവർ.
അവരെയരികത്തണച്ചാദരിച്ചീടുവാൻ
കുവലയദലാക്ഷിക്കു കൂസലില്ലല്പമേ.
ഝനിവൊപാടവളെക്കണ്ടു ദൂരത്തു നിന്നവൻ
പ്രണയമധുശീകരം പ്രാർത്ഥിച്ചിതക്ഷിയാൽ ;
അവളവനെ നോക്കാതെ പോയിട്ടും ഹന്ത ! തൻ-
കവനകല ദൂതികാകർമ്മാനഭിജ്ഞയോ ?



Digitized By Kerala Sahitya Akademi

## III

ഒരുതവണ തോന്നിയപ്പാവത്തി“നൊന്നുകിൽ–
ക്കരുടിയിവ,ളല്ലെങ്കിലുന്മത്ത നിർണ്ണയം.
വകതിരിവു തെല്ലുമില്ലാത്തൊരിപ്പെണ്ണിന്റെ
മുഖകമലമോർത്തും മോഹിച്ചതും മതി”
ഉടനവനതിന്നുമേലോർത്തുപോയ് പിന്നെയും ;
“കുടിലഘനകുന്തളേ ! കോപിച്ചിടായ്ക നീ.
യുവതിയുടെയോമനക്കൺമുനക്കോണിലാ–
ണിവന്നുടെ ചിരസ്ഥായിയായിടും ജീവിതം.
യുവതിയുടെ പുഞ്ചിരിപ്പൂനിലാവിങ്കലാ-
ണിവന്നുടെയവിച്ഛിന്നമായിടും യൌവനം.
കനിവതിനു കാലമാകില്ലയോ ? ദേവി ! നീ
കനലെരിയുമെൻമനം കാണുന്നതില്ലയോ ?” 32

## IV

സരസമൊരുനാളവൻതന്മുന്നിലെത്തിനാ–
ളുരുവയർകുലത്തിന്നലങ്കാരമാമവൾ.
സചപലമിയലുന്നൊരസ്സുന്ദരി കേൾക്കുമാറു
കൃപയൊടു കിനാവിലിഗ്ഗീരുരച്ചീടിനാൾ :
“അയി ! സുഭഗ ! പോർത്തുമങ്ങാശ്വസിച്ചാലുമെൻ
ദയിതനവിടുന്നെന്നുറച്ചിയായ് ചൊല്ലുവു ഞാൻ.
അഭിമതനസന്ദേഹമങ്ങേറിക്കെന്നാലു–
മഭിസരണയോഗ്യമാം വേളകാക്കുന്നു ഞാൻ.



Digitized By Kerala Sahitya Akademi

അരികിലണയുമ്പൊഴേക്കജ്ഞരാം ലോകക്കു
    പരിചിലിവൾ തോന്നിടും പ്രണാധിനാഥയായ്.
ക്ഷണമവരെ വിട്ടു ഞാൻ നീങ്ങിടും ദൂരെ;യ-
    ത്തൃണസമരിലെൻമനം തൃപ്തികൈക്കൊള്ളുമോ?
മമ ഹൃദയവല്ലഭന്മാരാം മഹാത്മാക്ക-
    ളുമരുമൊരു ദേശവും കാലവും ദുർല്ലഭം.
അവരിലൊരുവൻ ഭവാനെങ്കിലും തൽകാല-
    മവധിചെറുതത്ഥിപ്പനങ്കപാളിക്ക ഞാൻ.
ഇരവു വരണം ; കലാനായകൻ തൻകരം
    ധരണിയണിയിക്കണം ധൌതപട്ടാംബരം ;
അനവരതമെന്നെയിട്ടീവിട്ടുലട്ടുന്ന
    ജനവിതതി ദീർഘമാം നിദ്ര കൈക്കൊള്ളണം.
ദശവദനക്കൂട്ടർ ചൂഴുന്ന സീത ഞാ-
    നശരണയൊരല്പം സ്വതന്ത്രയായ്ത്തീരണം.
അതുപൊഴുതിലങ്ങേസ്സമീപത്തു ഞാനനത്തു-
    മതനശരപീഡകൊണ്ടാകലീഭൂതയായ്. 56

V

"തടിനിയുടെ വക്കത്തു കണ്ടുവോ നമ്മൾക്ക
    തടവണുവുമില്ലാത്ത സങ്കേതമന്ദിരം-
സവിധഭുവി ജാതരാം സർവ്വമന്ത്രത്തി-
    ലവിരതശമം സല്ക്കരാരാമതല്ലജം-
കഴിയുടെ നിരപ്പേത്തു കന്നിന്നുമേകുന്ന
    നിയതിയുടെ കന്ദുകക്രീഡാത്തൂണാങ്ങണം-



Digitized By Kerala Sahitya Akademi

അരികളെയിന്നങ്ങേപ്പെത്തമ്മയാം ഭൂമദേവി
പരിചിനൊടുരക്ഷന്ന ദേവ്യനുഗ്രഹം—
ഖലരുടെ ഹൃദന്തവും കാണിക്കനേരത്തേക്ക
മലരഹിതമാക്കും മഹർഷിവര്യാശ്രമം—
പിതൃവനം:— അതേ ; ഭവാൻ പേടിപ്പതെന്തിന്നു!
മധുരിമയതിന്നുത്തമൽ മറെറങ്ങു മന്നിതിൽ ? 68

VI.

"പ്രിയതമ! ഭവാൻ കലാപ്രേമിയായ് ലോകൈക-
ദയിതയുടെ ചേവടത്താർ കൂപ്പി നിത്യവും
ഒരുപൊഴുതുമെന്നെയോർത്തുംകണ്ടുതേടാതെ-
യരിമയിൽ വസിക്കേണമാജീവനാവധി.
അതിനുപരി ഞാൻ കുറിച്ചുള്ളൊരസ്സങ്കേത-
സദനഭുവി സംഭോഗസൗഖ്യമാർന്നീടണം.
നിയതമൊരു നൂറാണ്ടു നീങ്ങവേ വന്നങ്ങു
ജയമുരളിയൂതി ഞാൻ ജാഗരം നല്കിടും.
അവിടെയൊരഭൗമമാം ഹീരസൗധം ചമ-
ച്ചവിരതരസം നാം രമിച്ചീടുമപ്പുറം,
അതിനുടെയഭിഖ്യയാലാകല്പകാലമി-
ക്ഷിതിയൊരു മനോഹരക്ഷീരാബ്ധിയായിടും.
വരുമവിടെയങ്ങയെക്കുമ്പിടാനിന്നുള്ളോ-
രരികളുടെ മക്കളും മക്കൾതൻമക്കളും.
തവ തനുവിലിക്കൂട്ടർ വീഴ്ത്തുന്ന പൂഴികൊ-
ണ്ടവരുടെ നിലത്തെഴുത്തന്നു സാധിക്കണം.



Digitized By Kerala Sahitya Akademi

പരിചിനൊടു ഭാവിയിന്നങ്ങയിൽത്തങ്ങുന്ന
കരിമഷിയെയന്നു നൽക്കസ്തൂരിയാക്കിടും.
ഒരു ശതകം — എന്തതിനോർത്താൽപ്പരിമാണം ?
ഒരു കണമതോട്ടുമിക്കാലസ്രവന്തിയിൽ !
കരടപികഭേദമെന്തെന്നു കാണിക്കുമ-
സ്സുരഭിസമയത്തിന്റെ സുപ്രഭാതാഗമം.
അവശത മനസ്സിൽ വേണ്ടങ്ങയ്ക്കൊരല്പവും
കവനശരദംബരത്തിങ്കലെത്തിങ്കളേ.”

## VII

കവി മിഴി തുറക്കവേ കണ്മറഞ്ഞാൾ ഹന്ത !
സവിധഭുവിനിന്നൊരസ്സർവ്വാംഗസുന്ദരി.
എവിടെയവളെന്നവൻ തേടീല, തദൈക്യ-
മവിരളമകക്കാമ്പിനാനന്ദമേകവേ.
അനഘനവനപ്പുറം തൽകലാകാന്ത താൻ
പ്രണയിനി-യധീശിത്രി-യാരാധ്യ-ദൈവതം
അവളെയനുരഞ്ജനം ചെയ്യവേ തൂകിനാ-
നവമതിയണപ്പോരിലല്പഹാസാങ്കുരം,
കൊടിയ ചുടലക്കളം കോൾമയിർക്കൊള്ളിക്കു-
മുടലുടയൊരമ്മഹാനത്ഭുതസാധ്വസൻ.

---



Digitized By Kerala Sahitya Akademi

# ഇന്നത്തെ ലോകം

കാണുന്നു നാമീ നരലോകനൗക
വിശാലമാം കാലമഹാർണ്ണവത്തിൽ
മുന്നോട്ടു പായുന്നതു ; കണ്ടിടുന്നി-
ല്ലാസന്നമാം വിപ്ലവശൈലഘാതം. 1

പ്രജാസുഖത്തിൽ സ്വസുഖത്തെ നേടി-
പ്പണ്ടെത്രയോ പാർത്ഥിവരൂഴികാത്തു ;
പിന്നീടു തത്ത്വ പിഴച്ചു മേന്മേൽ ;-
ഷ്പ്രഭുക്കളാകേണ്ടവർ വേനരായി. 2

പലേടവും ലോകർ മടിച്ചുപാഞ്ഞു
പാപ്പാനെവിട്ടും കൊലകൊമ്പരായി,
സ്വതന്ത്രരായ് നാം, സമശീർഷരായ് നാം,
സോദര്യരായ് നാമിനിയെന്നുറച്ചു. 3

പ്രജാധിപത്യം—ജനതയ്ക്കതെങ്ങും
പര്യായഭേദാമൃതമായ് ഭവിച്ചു;
തന്നെബ്ഭരിക്കുന്നവനന്യനല്ല
താനെന്നു വന്നാലതു ചാരുവല്ലേ ? 4

ചെററങ്ങു ചെന്നപ്പൊഴതിന്നകത്തും
ക്ഷ്വേളാംശമൊട്ടൊട്ടു തെളിഞ്ഞുകണ്ടു.
ഭദ്രാസനത്തിങ്കൽ ഞെളിഞ്ഞിരിപ്പായ്
പണം, ഫണംപൊക്കിന പാമ്പുപോലെ. 5

Digitized By Kerala Sahitya Akademi

അജീർണ്ണരോഗാതുരരങ്ങുമിങ്ങു,-
മന്നം ലഭിയ്ക്കാത്തവരെങ്ങുമെങ്ങും.
അല്പം ചിലേടത്തതിവൃഷ്ടിദോഷ -
മല്ലാത്തിടിക്കൊക്കെയവഗ്രഹാർത്തി. 6

ആദ്യസ്ഥിതിയ്ക്കുന്നുപശാന്തിയെന്നു
സമീക്ഷണം സത്തുകൾ ചെയ്തിരിക്കെ,
ഉൽഭിന്നമായീ കലിവിത്തു രണ്ടു,
യൂറോപ്പു പെട്ടെന്നു സഹാറയാക്കാൻ. 7

'കമ്മ്യൂണിസം' 'ഫാസിസം' എന്നു രണ്ടു
കരാളരാം മല്ലർ കരങ്ങൾ നീട്ടി
ലോകോദ്ധൃതിയ്ക്കുള്ള നവാവതാരം.
നീയല്ല ഞാനെന്നു വഴക്കടിപ്പു. 8

അത്യന്തദൂരത്തിലെഴും ധ്രുവങ്ങൾ-
ക്കസഹ്യവൈരസ്യം പൊതുവാം സ്വഭാവം ;
അകല്ച്ചയമ്മട്ടെഴുവോരവയ്ക്കും
സ്വാതന്ത്ര്യഹിംസാരതി തുല്യധർമ്മം. 9

അസ്വാതന്ത്ര്യത്തിനുമേൽ നരന്നെ-
ന്തൈശ്വര്യം ? എന്തൈഹികമായ മോക്ഷം ?
അതററവന്നന്യവിഭൂതിയെല്ലാ-
മഹോശവം പോലെ മലമാത്രം. 10



8

Digitized By Kerala Sahitya Akademi

അടിഞ്ഞിടാം കൂട്ടിനകത്തു പക്ഷി ;—
കഴിച്ചിടാമന്യർ കൊടുക്കുമന്നം ;
പാടാമിടയ്ക്കൊന്നു പഠിച്ച പാട്ടും :—
പക്ഷങ്ങൾമാത്രം ഫലവർജ്ജിതങ്ങൾ. 11

അജങ്ങളെ ശ്രദ്ധയൊടന്നമൂട്ടി-
യഹന്നിശം മെയ്യു കൊഴുപ്പിയററി,
കാലംവരുമ്പോൾക്കനിവററു കത്തി
കഴുത്തിൽ വീഴ്ത്തുന്ന കശാപ്പുകാരൻ ; 12

പോത്തും കൊലച്ചോറു കൊടുത്തു ഹന്ത
പീരങ്കിയുണ്ടയ്ക്കു സമാനമാക്കി
യുദ്ധത്തിനമ്മട്ടിൽ വളർത്തിടുന്നു
യുവാക്കളെ ഘാതകർ ധൃഷ്ടരിക്കാലം. (യുഗ്മകം) 13

പേരൊന്നുമാത്രം വധുവിൻെറ കൃത്യം ;
പോരൊന്നുമാത്രം പുരുഷൻെറ വൃത്തി ;
ധിക്കേററരോത്തും മൊഴി വേദവാക്യ-
മചന്നു മണ്ണുണ്ടകളന്യരെല്ലാം. 14

വണക്കമൊന്നാൽ മൃതി പോർക്കളത്തിൽ ;
വാദംതുടന്നാൽ മൃതി നിന്ന ദിക്കിൽ—
അനർത്ഥമിമ്മട്ടു വരുമ്പൊഴാരു-
മാജ്ഞാനുരോധം വരമെന്നുവെയ്പൂ. 15



Digitized By Kerala Sahitya Akademi

കണ്ണുണ്ടു കാണാൻ പൃതനാപതാക ;
കാതുണ്ടു കേൾക്കാൻ പടഹപ്രഹാരം;
കൈയുണ്ടു പേറാൻ പലമട്ടിലസ്ത്രം;
കാലുണ്ടു പോകാൻ സമരാങ്കണത്തിൽ ; 16

കണ്ണില്ല കാണാൻ കൊലതന്നധർമ്മം;
കാതില്ല കേൾക്കാൻ ക്വണിതാർത്തനാദം;
കൈയില്ല ചെയ്യാൻ സഹജാതസേവ ;
കാലില്ല ചെല്ലാൻ പ്രശമോടജത്തിൽ. (യുഗ്മകം) 17

മദം തുലയ്ക്കാൻ മധുസേവനം പോൽ ;
ദാഹം നിറുത്താൻ ലവണാശനം പോൽ ;
ശൈത്യം ലഭിക്കാനനലാശ്രയം പോൽ ;
ശാന്തിക്കുവേണ്ടിസ്സമരോദ്യമം പോൽ ! 18

കോടിക്കണക്കിന്നനുജീവിമാരെ-
ക്കൊന്നോ, മരിച്ചോ, കുശലത്തെ നേടാൻ
ഒരുക്കിനിർത്തുന്ന രണം പ്രതീക്ഷി-
ച്ചോരേ, മഹാശക്തിയുമൂഢശങ്കം. 19

ആശൈലമാസാഗരമിന്നു യൂറോ-
പ്പാഗ്നേയ ചൂർണ്ണാകരമാകമാനം ;
കടന്നതിൽത്തീപ്പൊരിയൊന്നുവീണാൽ-
ക്കഴിഞ്ഞു മന്നിൻകഥ; ഭസ്മമെല്ലാം. 20



Digitized By Kerala Sahitya Akademi

ശാസ്ത്രം—നരൻ സൃഷ്ടിരഹസ്യരത്നം
സന്ദർശനംചെയ്തതിനുള്ള ദീപം—
കത്തിജ്ജ്വലിച്ചിന്നുലകം ദഹിക്കും
കല്പാനലപ്രക്രിയ കാട്ടിടുന്നു. 21

വാനം— വിരിഞ്ചൻ പറവയ്ക്കു പാടി-
ക്കളിക്കുവാൻ തീർത്ത മനോജ്ഞവാടി;—
ധരയ്ക്കു താപോപശമം വരുത്തും
ധാരാധരത്തിന്റെ സവാരിവീഥി; 22

ആദിത്യജൈവാതൃകർ നമ്മെയെന്നു-
മനുഗ്രഹിക്കും ദിവിഷന്നികേതം;—
അതിന്നു ഹാ! ബംബു പൊഴിച്ചിടുന്ന
വിമാനപാളിക്കു വിഹാരരംഗം. (യുഗ്മകം) 23

അവറ്റ സാധുക്കളിൽ മൂടൽമഞ്ഞു-
കണക്കു തൂകും വിഷവാതവർഷം
മരിച്ച നീത്യംബികതൻ വപുസ്സി-
ന്നന്ത്യാംബരം പോലെ പതിച്ചിടുന്നു. 24

സ്പെയിൻ—മഹാസംഗരവേളയിങ്കൽ
മദ്ധ്യസ്ഥമായ് നിന്നു കൊഴുത്ത രാജ്യം—
അന്യായം—ആഭ്യന്തരവിപ്ലവത്തി-
ലത്തും നിണച്ചെങ്കടലായ്ച്ചുഴിഞ്ഞു. 25



Digitized By Kerala Sahitya Akademi

രാഷ്ട്രങ്ങൾ തമ്മിൽക്കലഹിപ്പതല്ല ;
ജനങ്ങൾ നേതാവൊടെതിർപ്പതല്ല ;
കമ്മ്യൂണിസത്തോടിടയുന്ന കേറി–
ക്രവ്യാദമാം ഫാസിസമത്രമാത്രം. 26

വെള്ളത്തിലും തീയിലുമെന്തിനായ്പ്പോയ്
വീഴുന്നു ജീവിപ്പതിന്നീമദാന്ധർ,
ഇവററരണ്ടോടുമകന്നിരിക്കാ–
ന്നീയൂഴിതന്മെയ്യിലിടംകിടക്കേ? 27

മരിപ്പൂ മാതാവു മകൻെറ കൈയാൽ ;
മാതാവുമേകുന്നു മകന്നു മൃത്യു ;
സ്വദേശസ്വാസ്ഥ്യമൂലമാണി–
ക്കൂട്ടക്കൊലഭ്രാന്തിയക്കക്ഷികൾക്കും. 28

മന്ത്രത്തിനാൽ ശുദ്ധിവരുത്തിവേണം
മഖത്തിലാരും പശുഹിംസ ചെയ്വാൻ.
ഇവർക്കു കാലേഷ്ടി കഴിപ്പതിന്നു–
ള്ളക്കണ്ടൊരെണ്ണം —നിജദേശഭക്തി ! 29

കേൾക്കുന്നു നാമിററലി, റഷ്യ, തൊട്ട
നാമങ്ങൾ ; കേൾക്കാത്തതു രണ്ടുമാത്രം—
മഹിക്കു ദേശം സകലാംശമെന്നും,
മർത്ത്യർക്കു വർഗ്ഗം പരമാണുവെന്നും. 30



Digitized By Kerala Sahitya Akademi

സമാജമൊന്നുണ്ടു സമസ്തരാജ്യ-
സഖ്യാഭിധാനം ശവനിർവ്വിശേഷം ;
ഇതിങ്കൽനിന്നെത്രയുമേറുമൂർജ്ജ-
സ്സീജിപ്തിലെപ്പ്രാക്തനമമ്മികൾക്കും. 31

അസംഗതം വാക്കലഹംതുടങ്ങി-
യതിന്റെയങ്ങങ്ങൾ തളർച്ചതീർക്കാൻ
ചായയ്ക്കെഴുന്നൾക്കുവതിന്നുമുൻപു
സാധുക്കളെശ്ശാത്രവർ തച്ചുകൊല്ലും. 32

ആളില്ല ചോദിപ്പതി, നാക്കമെന്തു-
മാകാ,മധർമ്മത്തിനു സിദ്ധിവന്നു :
അഴിഞ്ഞു മര്യാദ ; കുടപ്പമെങ്ങു-
മധിഷ്ഠിതം നഗ്നമരാജകത്വം ! 33

വർണ്ണം, മതം, ലീല, പരിഷ്കൃ, വേഷ,-
മിതൊക്കെയും പാർക്കുകിലേകരൂപം ;
എന്നിട്ടുമീദ്ദുർദ്ദശ വന്നുവല്ലോ
യൂറോപ്പുകാ,ക്കെന്തൊരു കർമ്മപാകം ! 34

"സ്വാതന്ത്ര്യതോപാസനലാലസൻ ഞാൻ ;
സ്വാരാജ്യസംസ്ഥാപനതത്പരൻ ഞാൻ."—
വികത്ഥനം പോരു,മറിഞ്ഞുപോയി
പാശ്ചാത്യസംസ്കാര ! ഭവാനെ ലോകം. 35



Digitized By Kerala Sahitya Akademi

ഈ വർണ്ണമല്ലാതെ വരം തരാനി-
ല്ലിപ്പുത്തനാം വർഷശതത്തിനെന്നാൽ
കൌമാരകത്തിൽ ജഗതിക്കു വാച്ച
കൈരാതമാം ജീവിതമെത്രകാമ്യം ! 36

പരിഷ്കൃതമ്മന്യതയാൽ മടിക്കും
പാശ്ചാത്യരേ ! തമ്മിലടിച്ചു നിങ്ങൾ
ഒക്കുന്നവല്ലോ ധരണീതലത്തെ-
യൊററക്കടക്കീഴിലൊതുക്കി നിർത്താൻ. 37

അതിന്നൊരാളുണ്ടവിതക്ക, മീശ-
നശേഷലോകത്തിനുമാദിയില്ലി,
രാജാധിരാജാർച്ചിതപാദപീഠൻ,
രാകാനിശാനാഥനിഭാതപത്രൻ. 38

ആ ലോകനാഥൻ ചെയ്യുവിനന്ദിയായാ-
ലാസ്സാർവ്വഭൌമൻ ഗഗനത്തിലെത്തി
ധാരാളമെങ്ങും വിതറുന്നതില്ലേ
താരങ്ങളാം മുത്തുകൾ മുക്തഹസ്തം ? 39

തിമിത്തു തമ്മിൽപ്പടവെട്ടിടാതെ,
തിമിംഗിലത്തിൻ മുറ കാട്ടിടാതെ,
അധഃസ്ഥയാം ഭൂവിനന്നയപ്പു ദീപ്തി-
യാർദ്ദ്രിവ്യഗോളങ്ങൾ മഹോന്നതങ്ങൾ. 40



Digitized By Kerala Sahitya Akademi

ആവിശ്വഗോപ്താവിനെ വിശ്വസിപ്പി-
ന്നഹിംസയാം ദേവിയെയർച്ചചെയ്യിൻ ;
നരൻ സഗർഭ്യൻ നരനെന്നു കാണ്മിൻ ;
നാശം പരസ്വസ്പൃഹയെന്നുറയ്ക്കിൻ. 41

സജീവമായുള്ളൊരു സർവരാജ്യ-
സഖ്യം പ്രതിഷ്ഠാപിതമായിടട്ടെ ;
അതിന്റെ നാമശ്രവണക്ഷണത്തി-
ലധർമ്മരക്ഷസ്സു നടുങ്ങിടട്ടെ. 42

ഉത്സിക്തനങ്ങിങ്ങൊരനീകിനീശ-
നുന്മാർഗ്ഗയാനത്തിനൊരുങ്ങിവന്നാൽ
ആദ്ദുഷ്ടനാം യൂഥപനെത്തളയ്ക്കാ-
നാലാനമാകട്ടെ തദീയബാഹു. 43

പൌരസ്ത്യയുംതാൻ പരതന്ത്രയുംതാൻ
ദരിദ്രയുംതാൻ ഭാരതോർവി ; പക്ഷേ
മുററും ഭവവ്യാധി ശമിപ്പതിന്നീ
മുത്തശ്ശിതൻ മൂലികയൊന്നുപോരും. 44

അഹിംസതൻ ജൈത്രപതാകനാട്ടി
യദ്ദേവിതൻപുത്രനശോകമൌര്യൻ ;
മതങ്ങൾതന്നൈക്യമെടുത്തുകാട്ടി
മഹാനശോകാഗ്രണിയക്ബർമന്നൻ. 45



Digitized By Kerala Sahitya Akademi

ചരാചരം സർവ്വമേകനീഡം
സാക്ഷാൽപരബ്രഹ്മമഖണ്ഡമെന്നായ്
നിസ്സംശയം തന്മുനിവര്യരോതി
നിരീഹർ, നിഷ്കിഞ്ചനർ, നിത്യശുദ്ധർ. 46

പ്രാചീനമാമപ്പരമാർത്ഥസാരം
പ്രയോഗഭൂവിൽ പ്രസരിച്ചിടുമ്പോൾ
മനുഷ്യനിസ്സന്ധിയിൽ മാലിയററും
മഹാപരോപപ്ലവമസ്തമിക്കും. 47

പോരെന്ന സാംക്രാമികരോഗമന്നു
പോകുന്നതന്നിബ്ഭുവനം ശുഭാഢ്യം;
തെററൊന്നതിൻ പേച്ചിയിൽ മത്തുകാട്ടും
ജനാധിപത്യം ജലരേഖമാത്രം. 48

ഉരുക്കിടാം ശസ്ത്രചയം കൃഷിക്കാ-
ക്കുദാത്തമാം ലാംഗലജാലമേകാൻ ;
ഉടച്ചുവാർക്കാമൊരു നവ്യലോക-
മുരുമ്പിനും വാസമബാധമാകാൻ 49

ഇപ്പൂത്തനാകും നരലോകനൌക
വിശാലമാം കാലമഹാർണ്ണവത്തിൽ
പായട്ടെ മുന്നോട്ടു [illegible] ;
പാരത്തിലെത്താതെ [illegible]. 50





Digitized By Kerala Sahitya Akademi

## അരുൾപ്പാട്

I

"പോരുമേ, പോരും ജന്മ-
മെത്രനാളിസ്സംസാര-
വാരിധിക്കുള്ളിൽക്കിട-
ന്നിട്ടാസൻ കറങ്ങണം ?
ഹാ ! ത്രിലോകം വലഞ്ഞു ഞാ,-
നെന്നെയിക്ഷണം തന്നെ
പാദാരവിന്ദത്തിങ്കൽ-
ചേർത്തുകൊള്ളണേ വിഭോ !"
നിത്യം ചിദംബര-
ക്ഷേത്രത്തിൽക്കേറിക്കാമൊരാ-
ളിത്തരം പ്രാർത്ഥിക്കുന്നു-
തീശനോടേതൃപ്തത്തിൽ.
മേനിയിൽ ഭസ്മം പൂശി,
രുദ്രാക്ഷം ധരി,ച്ചേറെ-
ദ്ദീനനായ്,ക്കരം കൂപ്പി,-
കണ്ണുനീരു പെയ്തും തൂകി,
കണ്ടിടാമബ്ഭക്തനെ-
സ്സർവ്വദാ ചലിക്കുന്ന
ചുണ്ടുമായ് മഹാനട-
സ്വാമിതൻ പുരോഭൂവിൽ.
എത്രമേലന്തഃശുദ്ധി !-
യെത്രമേൽ തപോനിഷ്ഠ !-



Digitized By Kerala Sahitya Akademi

യെത്രമേൽ സേവാസക്തി ! —
    യെത്രമേൽ മുമുക്ഷത-ാ
ക്തരിത്തരത്തിലും
    വായ്ക്കുമോ ജഗത്തിലെ-
ന്നത്യന്തമാശ്ചര്യപ്പെ-
    ട്ടമ്പരന്നപോം ലോകം.
അമ്മട്ടിൽക്കാലംകുറേ-
    പ്പോക്കിനാനവൻ സർവ്വ-
സമ്മതം സമാർജ്ജിച്ചു
    ശൈവരിൽ പ്രധാനനായ്. 16

## II

ഒരുനാഠം സന്ധ്യയ്ക്കവൻ
    പതിവിൻപടി ചെന്നു
ഗിരിശൻ തന്മുന്നിൽ നി-
    ന്നീവണ്ണം മുറയിട്ടാൻ ;
"ആയില്ലേ ദാസനീശ !
    നിത്യമായിവൻ നേരും
സായൂജ്യം നല്കാൻ കാലം ?
    ഇനിയും വിളംബമോ ?"
കേഠംക്കായി ബിംബത്തിന്റെ
    പിന്നിൽ നിന്നപ്പോളൊരു
വാക്യ, മത്ഭുതം ! മേഘ-
    നിർഘോഷപ്രതീകാശം—



Digitized By Kerala Sahitya Akademi

"മുന്നോട്ടു പോരു വത്സ !
ശീഘ്രം ; ഞാനിന്നേട്ടിനം
നിന്നിഷ്ടം നിനക്കേകാൻ
സജ്ജനായിതാ നില്പൂ.
മാറിൽച്ചേർത്തുടത്തണ-
ച്ചാശ്ലേഷിക്കുവാൻ നിന്നെ-
ക്കൂറിൽ ഞാൻ നീട്ടും കൈകൾ
കാണ്മീലേ കുമാര ! നീ ?
വന്നാലും കുതിച്ചുപാ-
ഞ്ഞോമനേ ! ഞൊടിക്കുള്ളി-
ലെന്നിൽ നീ ലയിച്ചാലു-
മെന്നെന്നേയ്ക്കുമായ്ത്തന്നെ." 28

III

താനേതും പ്രതീക്ഷിക്കാ-
ത്തുള്ളോരാ വാക്യം പാഞ്ഞു
ദീനനാം ദപീപാത്തിന്റെ
കർണ്ണത്തിൽ ശൂലംപോലെ.
പെട്ടെന്നു ഞെട്ടിപ്പോയീ
ഹൃത്തു ; കാൽ തന്നെത്താനെ-
യെട്ടുപത്തടിക്കുമേൽ-
പ്പിന്നോട്ടു നീങ്ങിപ്പോയി ;
വേർപ്പാററിൽക്കുളിച്ചപോലെ
വേപഥുവെഴും മേനി ;



Digitized By Kerala Sahitya Akademi

വീർപ്പിട്ടന്നുണ്ടേറ താനെ-
        ന്നസ്ഥാളിച്ചുപോയ് പാവം !
ചുററുമുണ്ടനേകം പേർ
        തൻവാക്ക കേൾക്കാനെന്ന
ചെററുമേ ചിന്തിക്കാതെ-
        യജ്ജളൻ പിറേറക്ഷണം
സങ്കടം പൊറായ്കയാൽ
        ശർവ്വൻെറ മുന്നിൽച്ചെയ്താൻ
തൻകഥാനിവേദനം
        ത്രസ്തനായ്, സംഭ്രാന്തനായ്.

## IV

"സ്വാമിൻ ! ഞാനെന്തോ പിഴ-
        ച്ചോതിനേനോർമ്മിക്കാതെ ;
കാമിതം സായൂജ്യത്തി-
        ലില്ലെനിക്കില്ലേ തെല്ലും.
ജന്മമങ്ങന്തര്യാമി-
        യല്ലയോ? പിന്നെക്കഷ്ട-
മെന്തുള്ളു കാണ്മാനങ്ങേ-
        യ്ക്കിത്രമേൽ പ്രയാസമോ ?
സൃഷ്ടമാ മലർക്കാവിൽ-
        പ്പല്ലവം പൂണ്ടും പൂത്തും



Digitized By Kerala Sahitya Akademi

മൊട്ടിട്ടുമോശാവല്ലി
        വായ്പ്പീലെ നൂറായിരം ?
ഇട്ടിനം മേവുന്നില്ലേ
        ഗേഹത്തിൽ ഗർഭം ഹന്ത !
പത്തുമാസവും തിക-
        ഞ്ഞൂഎല്ലാരെൻ പ്രാണനശപരി ?
ഈററുനോവാരംഭിച്ചാൽ-
        പ്പിന്നത്തേക്കർത്തവ്യങ്ങ-
ളേററെടുക്കുവാൻ വേറി-
        ട്ടാളുണ്ടോ കൃപാനിധേ ?
പുത്രസന്താനത്തിന്നു
        യോഗമുണ്ടെനിക്കെന്നു
തത്വജ്ഞൻ ജോത്സ്യൻ ചൊന്ന
        ' വാക്കയ്യോ ! ദോഷ്ക്കാകുമോ ?
സന്തതം ശ്രദ്ധിച്ചു ഞാൻ
        പോററിയാൽ ശീമസ്സുപോം-
യെന്തുകൊണ്ടെൻ വത്സനോ-
        "ഐ. സി. എ"സ്സായിക്കൂടാ ?
ഉന്നതിക്കുവൻ പാത്ര-
        മാകാഞ്ഞാ,ലാകം പൌത്രൻ
തൊണ്ണൂറിലെന്നാലുമെൻ
        ദാരിദ്ര്യം ശമിക്കണ്ടേ ?
പാടത്ത പെട്ടീട്ടവാ-
        നില്ലെന്നും വരാം പക്ഷേ ;



Digitized By Kerala Sahitya Akademi

ഷോഷിച്ചീട്ടൊന്നുണ്ടെൻ
    നേട്ടമായ്പ്പെട്ടിക്കുള്ളിൽ ;
കിട്ടിയാൽ സമ്മാനത്തിൽ-
    പ്പാതി ഞാൻ നൽകാഞ്ഞാലു-
മൊട്ടുമേ തരില്ലെന്നു
    തീർച്ചയായ്ച്ചൊല്ലുന്നീല.
വിത്തമല്ലല്ലോ വേണ്ട-
    തങ്ങേയ്ക്കു ; പൊന്നും പൂവും
സത്യത്തിൽ സമാനമെ-
    ന്നോതുന്നു, സംഖ്യാവാന്മാർ.
ആയതും ലഭിക്കാഞ്ഞാൽ
    പോകട്ടെ ; നിധികുംഭം
ന്യായത്തിലൊന്നങ്ങേയ്ക്കു
    നല്കുവാനമാന്തിപ്പൂ ?
ക്ഷോണിതൻ ഗർഭത്തിൽ നി-
    ന്നുദ്ധരിച്ചതൊന്നെന്നെ-
ക്കാണിപ്പാനങ്ങേബ്ഭൃത-
    മേതിനും കരുത്തില്ലേ ?
ഏതുമട്ടെന്നാകിലും
    രാജരാജത്വം നേടി-
യാതുരൻ ഞാനല്ലമൊ-
    ന്നാലപേക്ഷിച്ചിടട്ടെ.
എൻ നല്ലാർമുടിപ്പൂൺപും
    ഞാനുമായേറെക്കാലം



Digitized By Kerala Sahitya Akademi

അർഗ്ഗളപ്പാട്

ധന്യരായ് ക്രീഡിക്കട്ടെ
    പേർത്തുമാ ഹേമാദ്രിയിൽ.
ആക്കളത്രമേതെന്നോ ?—
    കോടീശനായില്ല ഞാൻ ?
പാൽക്കുമ്പൊളുന്നിപ്പുഴ-
    ഞ്ചൂലല്ലെൻ പരിഗ്രഹം.
ഓമലാം വേറിട്ടുണ്ടാ-
    മപ്പൊഴേയ്ക്കാരുത്തിയ-
ക്കേമണത്തിന്നിക്കുന്നി
    ച്ചേരില്ലെന്നോതേണമോ ?
പിന്നെയെൻ വിരോധിയു-
    ണ്ടേകനാപ്പെണ്ണക്കാരൻ
ഖിന്നനായ് കൊലക്കേസ്സിൽ-
    പ്പെട്ടിപ്പോൾ കഴങ്ങുന്നു.
ഒന്നുകിൽത്തൂക്കിക്കൊല്ലും,
    നിർണ്ണയം, ന്യായാധീശ-
നന്യഥാ വിലങ്ങിട്ടു
    കൊട്ടമൺ ചുമപ്പിക്കും.
ബന്ധുപോയ് സമീപത്തി-
    ലമ്മഹോത്സവം പ്രഭോ !
കണ്ണിനു കർപ്പൂരമാ-
    മക്കാഴ്ച കാണാതാമോ ഞാൻ ?
ഇന്നതാസ്സീനിയൊരു
    ടിക്കറുവാങ്ങിപ്പോയേ-



Digitized By Kerala Sahitya Akademi

ന്നൊന്നൊന്നതെങ്കിലും
        കണ്ടിട്ടുപോരേ മോക്ഷം ?
ബീഡിതൻ തുമ്പൊന്നു ഞാൻ
        കത്തിക്കാൻ മാത്രം നിന്നെ-
ത്തേടിനേൻ ; തീയേ ! നീയെൻ
        തീററിക്ക കോപ്പിട്ടല്ലോ !!
ഹന്ത! ഞാനങ്ങേ ജ്യോതി-
        സ്സിമ്മട്ടിൽ പ്രകാശിച്ചാ-
ലന്ധനായ്പ്പോമേ ! മുക്കി-
        ക്കൊല്ലൊല്ലേ കൃപാബ്ധിയിൽ ?
ഭ്രാന്തനോ ഭവാനോട്
        സായുജ്യംവാങ്ങാൻ ? എന്തോ
ഞാൻ തനിത്തമാശയ്ക്കോ-
        ന്നോതിപ്പോയ് ; പൊറുക്കണേ !
രണ്ടാംമുണ്ടെടുക്കാതെ
        പോന്നേ, ഞാനിങ്ങോ, ട്ടെന്നെ-
പ്പണ്ടാരമാക്കൊല്ലേ ! ഞാൻ
        പാവമേ ! പച്ചപ്പാവം !!
നീട്ടൊല്ലേ കൈയിങ്ങോട്ടു ;
        ദീനനാമെന്നെപ്പേടി-
കാട്ടൊല്ലേ ; തെററിപ്പോയേ !
        കൈതൊഴാം തൊഴാമേ ഞാൻ !" ൧൦



Digitized By Kerala Sahitya Akademi

## V

മന്ത്രത്താലൊഴിഞ്ഞിടും
        ബാധതൻ മട്ടിൽത്തുള്ളി-
യെന്തെല്ലാമവൻ ചൊന്ന-
        തേവമെന്നോർപ്പീല ഞാൻ.
മുമ്പിലാഞ്ഞെത്തിക്ഷതി-
        ച്ഛൃക്ഷണം മഹേശന്റെ
ബിംബത്തിൻ പിന്നിൽത്തിരോ-
        ഭൂതനാം ദേവാർച്ചകൻ
സത്വം ഹാ ! സമസ്തവും
        വാർന്നൊലിച്ചു പൊയ്പോയോ—
ധർമ്മധ്വജിക്കേകീ
        താക്കീതു പരസ്യമായ്:—
"എന്തിനിബ്ഭയപ്പാടെൻ
        ഭ്രാതാവേ ! സത്യം, ഭക്ത
ബന്ധുവാം ഭവാൻ നിന്നോ-
        ടൊന്നുമിന്നോതീട്ടില്ല.
നിൻപൊട്ട പൊളിക്കുവാൻ—
        നിൻചെമ്പു തെളിക്കുവാൻ—
നിൻപുറംതോലൊന്നരി-
        ച്ചുവക്കും നിന്നെക്കാട്ടാൻ—
ആലോചിച്ചിട്ടത്താ—
        ണീ വിദ്യ ഞാൻ ; കണ്ടല്ലോ



Digitized By Kerala Sahitya Akademi

മാലോകരിപ്പോൾ നിന്റെ
ഭക്തിതൻ തനിനിറം.
ഇക്കോലം കെട്ടേണ്ട നീ
മേലെങ്ങും ; നിൻപാതക-
ക്കൈക്കൂലിക്കള്ളക്കാശിൻ
ഭണ്ഡാരമല്ലീക്ഷേത്രം !" 104

VI

ലോകമേ ! ദൈവം നിന്നെ-
ക്കാപട്യമെന്നോതുന്നൊ-
രേകമാം പദാർത്ഥത്താൽ
മാത്രമോ സൃഷ്ടിക്കുന്നു ?
ഒക്കെയും വെറും വേഷ-,
മൊക്കെയും വ്യാജച്ചുര,-
മൊക്കെയും കള്ളസ്സൂത്ര,-
മൊക്കെയും കാട്ടിക്കൂട്ടൽ.
സത്യത്തിൻ ദിവ്യാകരം
ശുദ്ധശൂന്യമായ്പ്പോയി
സത്യലോകത്തിൽപ്പോലു-
മെന്നു ഞാൻ ശങ്കിക്കുന്നേൻ.
അന്യോന്യം സംഹാരത്തി-
ന്നായിരക്കണക്കായി-
ട്ടന്നന്നു നിർമ്മിക്കുന്നു
യന്ത്രങ്ങൾ ശാസ്ത്രജ്ഞന്മാർ.



Digitized By Kerala Sahitya Akademi

ഒന്നു നാം പരസ്പരം
ചേതസ്സു കാണ്മാനുള്ള
കണ്ണാടിയുണ്ടാക്കുന്ന
കാലമെന്നറിഞ്ഞീല !
ആയതിന്നനുഗ്രഹി-
ച്ചീടുകിൽപ്പോരും ദൈവം ;
ആയതിയ്ക്കപ്പോൾ വന്നു
സർവമാം സൗഭാഗ്യവും. 116

---



Digitized By Kerala Sahitya Akademi

# ഭൂതദയ

I

കല്പാന്തകാലാബ്ധികല്ലോലലീലകൾ
നല്ലാൽപ്പൂക്കളെന്ന നവ്യമാക്കണ്ഡനെ
സ്വപ്രതിഭൂവായ് ജഗത്തിൽജ്ജനിപ്പിച്ചു
നിഷ്പന്നകൃത്യൻ വിപശ്ചിദാഖ്യൻ നൃപൻ
തൻശരീരത്തിനാലന്ത്യമാകും ഭൂത-
പഞ്ചകയജ്ഞമനുഷ്ഠിച്ചു ധന്യനായ്
ആശു ലോകാന്തരപ്രാപ്തിക്കുഴറിനാ-
നാശ്രമം മാറും ഗൃഹപതി പോലവേ.

II

പുണ്യമേ ചെയ്തുള്ള ജീവിതത്തിൽപ്പേർത്തു-
മന്വർത്ഥസംജ്ഞനാമമ്മഹാൻ നിത്യവും.
ആ വിദേഹൻ തൻമഹസ്സാൽ ജനകൻെറ
പേർ വിസ്മരിപ്പിച്ചതൊന്നുതാൻ ദുഷ്കൃതം.
എങ്കിലും കണ്ടാൻ യമനങ്ങൊരല്പമാം
പങ്കിലത്വത്തിൻ പരമാണുവിൻ ലവം.
ഉണ്ടായിരുന്നപ്പോൾ ദാരങ്ങളായ് രണ്ടു
വണ്ടാർകുഴലിമാരദ്ദേവന്തൂഴിയിൽ ;
തൻകൺമണികൾക്കു തുല്യമായാരണ്ടു
മങ്കമാരേയും പുലർത്തിനാൻ മന്നവൻ.
പ്രാണനിൽ പ്രാണൻ തനിക്കൊരുത്തിക്കുതാൻ
ന്യൂനമക്കാന്തനെന്നോർത്താരിരുവരും.



Digitized By Kerala Sahitya Akademi

എന്നാലുമേറിടും കൈകേയിയിൽ പ്രീതി
തൻനാഥനെന്നൊന്നു വൈദർഭിയെപ്പോഴോ
കാണിനേരത്തേക്കു ശങ്കിച്ചിരുന്നാ,യെന്തു
വേണം സപത്നിമാർക്കുള്ളം കറുക്കുവാൻ ?

## III

കാരണം കൂടാതെ വന്നൊരക്കാർകൊണ്ടൽ
ശാരദാഭ്രംവിട്ടു തൽക്ഷണം പാഞ്ഞുപോയ്.
എങ്കിലും ചെന്നതു പററി ഘനീഭവി-
ച്ചങ്കമായ് മന്നൻെറ പുണ്യമാം തിങ്കളിൽ.
ഉണ്ടാകൊലാ നൃപർക്കൂഴിമാതല്ലാതെ
രണ്ടാംകളത്രമെന്നോതുന്നു സത്തുക്കൾ.
ധർമ്മത്തിനുള്ളോരു ഗുഹ്യാതിഗുഹ്യമാം
മർമ്മം മനീഷികളീക്ഷിക്കുവാൻ പണി.

## IV

'ഒന്നോർത്തീലയോ മനം ദേവിക്കതെ,ല്ലതിൻ
ബന്ധം നൃപൻതൻ ചാരിത്ര്യത്വമല്ലയോ?
ആകയാലെൻനാട്ടു കണ്ടുകൊണ്ടാകട്ടെ
നാകത്തിലേക്കന്നരാഗ്രിമൻ പോകുവാൻ.
ഇങ്ങൊന്നിറങ്ങിക്കളിച്ചുകൊണ്ടാകട്ടെ-
യങ്ങെഴും ദേവാലയത്തിൽക്കരേറുവാൻ ;
ഇക്കാലകൂടം സ്മരിച്ചുകൊണ്ടാകട്ടെ
ചൊൽക്കൊണ്ട പീയൂഷമാസ്വദിച്ചീടുവാൻ,



Digitized By Kerala Sahitya Akademi

ഞാനെൻറ വിഷ്ടപം കണ്ടുകൊണ്ടെത്തട്ടെ-
    യിന്ദ്രലോകത്തിലാ രണ്ടാം യുധിഷ്ഠിരൻ."
കല്പിച്ചു ദൂതരോടിമ്മട്ടിലന്തകൻ
    തൽപുരത്തിൽ ചെന്നുപററീ ധരേശനും, 44

## V

നേരിട്ടു കൺകൊണ്ടു കണ്ടാൻ നൃപൻ തത്ര.
    ഘോരങ്ങളാകും നിരയങ്ങൾ നീളവേ ;
കശ്മലം സർവ്വവും നോക്കിനാൻ സൂക്ഷിച്ചു
    വിശ്വസ്തതാനുകമ്പാർദ്രൻ വിശാംപതി.
കേൾക്കയും ചെയ്താനസംഖ്യജീവാക്രന്ദ-
    മാക്കമയ്യയ്യോ! നിതാന്തമുദ്വേഗദം.
വാർത്താനവിച്ഛിന്നാഗാരമായ് ശോകാശ്രു-
    വാർത്താവനോൽകണ്ഠത്താമമ്മഹാശയൻ.
അപ്പോൾത്തദാസ്യത്തിൽ നിന്നൊരു മാരുത-
    നൽപന്നനായ് മെല്ലെ വീശി ചുഴലവേ.
എത്ര സുഖസ്ഥർനെത്ര സുരഭിര -
    നെത്ര ഹർഷാവഹനെത്ര വീര്യപ്രദൻ!
സന്തപ്തമാകുമാശ്വാസമരുത്താക്ക
    മന്നശ്ശിരസ്താപമകറ്റാൻ ശക്തമായ്.
ഉള്ളത്തിനാൽ വരം ശാന്തി പാലപ്പോഴ-
    മുള്ളത്തിനെന്നുള്ള വൈദ്യോക്തി സത്യമായ്. 60



Digitized By Kerala Sahitya Akademi

## VI

അപ്പോഴേക്കും വന്നിറങ്ങി വാനത്തുനി-
    ന്നബ്ഭ്രപയാത്രയ്ക്കു വാസവൻതൻ രഥം.
“കേറിടാമിദ്ദിവ്യയാനത്തില”ങ്ങെന്നു
    കൃതാന്ത സൂതൻ കഥിക്കുന്ന വേളയിൽ
പോയാകൊല്ലേ ഭവാൻ ഞങ്ങളെക്കൈവിട്ടു
    “പോയിടൊല്ലേ”യെന്നൊരത്യുച്ചരോദനം
എങ്ങും നരകവ്രജത്തിൽനിന്നൊന്നിച്ചു
    പൊങ്ങിത്തുടങ്ങീ പുടപുഴങ്ങുംവിധം.
നോക്കിനാൻ മന്നവൻ നാലുപാടും ; ഹന്ത !
    കേൾക്കുന്നു വീണ്ടുമായാചനം ചെല്ലുമേൽ:— 72
“നില്ക്കണെ മേല്പാ നിമേഷങ്ങളൊന്നര-
    ങ്ങിക്കണ്ടെ ഞങ്ങൾക്കൊരാശ്വാസമേകണേ!”

## VII

ഓതിനാർ കാലന്റെ ദൂത“രിപ്പോൾ ഭവൽ-
    പാതകം സർവവും ഭസ്മീഭവിച്ചുപോയ്.
ആരൂഢമാപാദമങ്ങിനിപ്പുണ്യവാൻ ;
    രാജൻ ! ഗമിച്ചാലുമാതിഥേയാലയം.”
സാരഥി ചൊന്നാൻ : “പുറപ്പെടാമങ്ങയെ-
    പ്പാരാട്ടു കാത്തിരിക്കുന്നു സുധർമ്മയിൽ.
ചേണെഴും സ്വാഗതം പാടുവാൻ നില്ക്കുന്നു
    വീണയും കൈയുമായ് മേനകാരംഭമാർ ;



Digitized By Kerala Sahitya Akademi

കോമളക്കൺകരിംകൂവളപ്പൂക്കളാൽ
    ദാമം തൊടുത്തുകൊണ്ടങ്ങെന്നിൽച്ചാർത്തുവാൻ
ജാലകം നീളവേ തിങ്ങീത്തിളങ്ങുന്നു
    വേളയും പാർത്തേറെ വിദ്യുല്ലതാംഗിമാർ.
പോക നാം ഭൂപതേ ! പോക നാം വേഗത്തിൽ
    നാകത്തിലേ”യ്ക്കെന്നു വെമ്പുന്ന സൂതനെ
തട്ടിക്കരത്താൽത്തടുത്തുകൊണ്ടോതിനാൻ
    ശിഷ്ടനങ്ങുള്ളൊരു ദീനരോടിങ്ങനെ. ൪൪

## VIII

“പോയിടാനാവീല നിങ്ങളെക്കൈവെടി-
    ഞ്ഞീയിടം വിട്ടു ഞാനെന്റെ സോദര്യരേ !
ആശ്വസിപ്പിൻ ! ഭവാന്മാരസംശയം ഞാൻ നില്ല-
    നീശ്വരൻ നൽകട്ടെ നന്മകൾക്കനുഗ്രഹം.
ശ്രദ്ധിച്ചു കേൾക്കുവിൻ ദിക്പാലദേവവ്രജം ;
    സത്യമിസ്സങ്കല്പവാക്യം മന്നാഥനാം.
കേവലം തെല്ലൊന്നിതിൽപ്പിഴച്ചാൽപ്പിന്നെ
    ഹാ ! വിപശ്ചിത്തല്ല, പൂരുഷനല്ല ഞാൻ.” ൪൫

## IX

അപ്പോഴെഴുന്നും കാണ്മിനെന്തൊരത്ഭുതം !
    ക്ഷിപ്രം ശമിക്കുന്നു ഘോരകാക്രന്ദനം.
ഗാനങ്ങൾ പാടുന്നു തങ്ങളുൾപ്പൂത്തി-
    ലാനന്ദനൃത്തങ്ങളാടുന്നു മേൽക്കുമേൽ.



Digitized By Kerala Sahitya Akademi

എമ്പാടുമുജ്ജ്വലിച്ചീടും നിരയാഗ്നി
ചെമ്പട്ടുമെത്തയായ് മിന്നുന്നു നീളവേ;
മുൽഗരംകൊണ്ടുള്ള താഡനം തീരുന്നു
മുഗ്ദ്ധയാം കാന്തതൻ മാല്യപ്രഹാരമായ് ;
കാകോദരങ്ങൾതൻ ദംശം പതിക്കുന്നു
നീഹാരബിന്ദുവിൻ രീതിക്കു മേനിയിൽ ;
ശൂലത്തിലേററുകിൽ സ്വീകരിച്ചീടുന്നു
ചേലുററ സിംഹാസനാരൂഢർതൻ പദം ;
ചക്കിൽത്തിരിക്കുകിൽ കാട്ടുന്നു വാനത്തു
പക്ഷികൾ ചുററിപ്പറക്കുന്ന ചാതുരി ;
കണ്ണിൽപ്പുരട്ടുന്ന ചുണ്ണാമ്പു മാറുന്നു
കല്യാണമേകുന്ന കർപ്പൂരലേപമായ്;
വട്ടണി. കമാക്കൊപ്പമായ പ്പുല്കുന്നു
ചുട്ടുപഴുപ്പിച്ച ലോഹപ്രതിമകൾ;
വായിൽ മണ്ണപ്പമായ്പ്പോകുന്നു ; പാൽപോലെ
പേയമായ്ക്കൊള്ളുന്നു തപ്തസീസദ്രവം ;
വാർപ്പിൽത്തിളച്ച നെയ് ശീതാംബുവാകുന്നു ;
വീർപ്പുമുട്ടിച്ചാൽ വരുന്നു യോഗസ്ഥിതി ;
പൂശുന്നു ചന്ദനം ശൈസപരമായ് സർവ്വത്ര
വീശും വിപശ്ചിൽക്ഷിതീക്ഷീന്ദുമുഖാനിലൻ ;
തട്ടിക്കയെക്കുകിൽത്താളംപിടിക്കുന്നു ;
പൊട്ടിച്ചിരിക്കുന്നു ഭൂതങ്ങൾ നിർഭയം ;
വാടാ പടയ്ക്കുന്നു മപ്പടിച്ചാർത്തുന്നു
വാടാതെ വാഴും മദംപൂണ്ടു കീടവും ;



Digitized By Kerala Sahitya Akademi

മുന്നോട്ടു നീട്ടുന്ന ശസ്ത്രങ്ങൾ പായുന്നു
   പിന്നോട്ടു ഘാതകന്മാരെക്ഷമയ്ക്കുവാൻ ;
ആയുധം ദൂരത്തെറിഞ്ഞു പിൻവാങ്ങുന്നു
   കായും കൗളമായ് കാലന്റെ കിങ്കരർ ;
പാഴറ്റ വൈശസം കൈവിട്ടു നില്ക്കുന്നു
   പാദത്തിൽ നട്ടൊരു കണ്ണുമായ്ക്ഷതസിതർ ;
ചിക്കെന്നു പായുന്നു യാതന ദൂരത്തു്
   ചക്രം വിരട്ടുന്ന കൃത്യയ്ക്കു തുല്യമായ്.
മറ്റൊരു നാകമായ് മാറിയെന്നേവേണ്ടു
   മുററും ക്ഷണത്തിലന്നാരകം ഭീകരം.
സംയമനീപുരിയന്നമരാവതി ;
   വൈതരണ്യാഖ്യതടിനി മന്ദാകിനി. 128

X

ആവിർഭവിച്ചാൻ നൃപന്റെ മുന്നിൽ ശ്രാദ്ധ-
   ദേവനന്നേരം ശതമഖസംയുതൻ.
ഓതിനാൻ : "അങ്ങേയ്ക്കു ഞാനനുഷ്ഠിക്കേണ്ടൊ-
   രാതിഥ്യമെല്ലാം കഴിഞ്ഞുവല്ലോ സഖേ !
ഇട്ടിക്കിലുള്ളൊരു ചൂടു മൂലം ഭവ-
   ന്മസ്തിഷ്കമെയ്യാട്ടമാവിയായ്പ്പോയിതോ ?
ആഗമിച്ചിട്ടെത്ര നേരമായങ്ങേയ്ക്കു
   ഭാഗധേയശ്രീ പരിഗ്രഹമാകുവാൻ ?
കാണുന്നതില്ലങ്ങു കാണാനക്കാർമേഘ-
   വേണിതൻ സർവ്വാംഗസൌന്ദര്യസൗഭഗം.



Digitized By Kerala Sahitya Akademi

ബോധിപ്പുമട്ടിങ്ങിരുന്നാൻകണക്കല്ല ;
ചോദിക്കുവാൻ മകെ നേിഷമുണ്ടീശ്വരൻ.
പോക്കു വൃഷാവൊത്തു നാകത്തിലിക്ഷണം
ഭോഗങ്ങളെല്ലാം ഭുജിച്ചുകൊണ്ടീടുവാൻ.
ഇന്നെന്തു ഭലശം പൊരുന്നതമങ്ങാർജിച്ച-
പുണ്യരാശിക്കമിപ്രേതലോകത്തിനും ?
ചപ്രമഞ്ചക്കട്ടിലലറെണ്ടോരങ്ങയെ-
ക്കപ്പുക്കഴിക്കളളിലാക്കേത്രെ പൂഴ്ത്തിടാം ?
ആഴിക്ക പുല്കുവാനർഹമാമാറേതു
പാഴന്ധുവിൽത്തങ്ങി വിശ്രാന്തിയേന്തിടും?" 148

## XI

ചൊന്നാൻ വൃഷാ "വെത്രനേരം സുധർമ്മയിൽ
ധന്യൻ ഭവാനെ പ്രതീക്ഷിച്ചിരുന്നു ഞാൻ ?
എന്തങ്ങു പോരുവാനങ്ങേയ്ക്കു സംശയം ?
ചന്തം ഭവാൻതൻ ശരതാദമാർപ്പോളവും !
അത്രയ്ക്കു ഫേയമായ്പ്പോയോ സുരാലയം
ശ്രുത്യർത്ഥലക്ഷ്യം, ശുഭോൽക്കരപ്രാപകം ?
കേട്ടിട്ടുമില്ലയോ കാതുകൊണ്ടങ്ങെൻറ
നാട്ടിലെസ്സമ്പൽസ്സമൃദ്ധിസൗഖ്യോദയം ?
ഗവ്യം കരത്തിങ്കൽ വെച്ചുകൊണ്ടാർ ചെന്നു
ദർവീകരത്തിൻ വിഷപ്പല്ലു നക്കിടും ?
മുന്നോട്ടു പോരകണ്ടൊരങ്ങെന്തു മൂഢനായ്
പിന്നോട്ടു പായുന്നു പേപിടിച്ചോൻപടി?



Digitized By Kerala Sahitya Akademi

പുണ്യഫലത്തെക്കൊതിച്ചു പാപം ചെയ്യ-
  തനപഥം ലോകത്തിലപ്രാജ്ഞലക്ഷണം.
പാപഫലത്തെക്കൊതിച്ചു പുണ്യം ചെയ്യു
  ·ശോഭനൻ പാരിൽ ഭവാനൊരുത്തൻ സഖേ !
വിത്തിട്ടു കൈതന്നെ കൊയ്യു കണക്കാവു
  നിത്യം ജഗത്തിതിൽ പുണ്യവും പാപവും.
പോരും ; ക്ഷണിക്കുന്നു ഞാൻ ; വിണ്ണിലേക്കിനി-
  പ്പോരുവാൻ കാലാതിപാതം വരുത്തൊലാ.” 160

## XII

തോണു കൈകൂപ്പിസ്തുതിച്ചാൻ നൃപൻ :“സുര-
  സൂനോ ! നമസ്തേ ! നമസ്തേ ! ശതക്രതോ !
‘സൗഖ്യമെന്നുള്ളതും ദുഃഖമെന്നുള്ളതും
  പാർക്കിലവക്കും മനഃകല്പിതം ദൃഢം.
ഏകുന്നു ഹർഷമായ്ത്തോന്നുന്ന,തന്യനു
  ശോകമായ് മാറാം ; വിഭിന്നം ജനരുചി.
കാമ്യമായ്ക്കൊള്ളട്ടെ നാകം ഭവാന്മാക്കു ;
  യാമ്യമാം ലോകമെനിക്കുമതേവിധം.
കാണാത്തതൊക്കയും കണ്ടുപോയ് ഞാനിങ്ങു ;
  കേൾക്കാത്തതൊക്കയും കേൾക്കയും ചെയ്തുപോയ്;
ഈയന്തകാഗാര,മീയുൽക്കടാക്രോശ,-
  മീയാതനോദ്ദണ്ഡബീഭത്സതാണ്ഡവം:—



Digitized By Kerala Sahitya Akademi

ഇക്കണ്ണുകൊണ്ടു ഞാൻ കാൺകയോ പിന്നെയൊ-
ന്നിക്കാതുകൊണ്ടൊന്നു കേറിട്ടു കേൾക്കയോ ?
എന്നമ്മ ഭ്രഷ്ടയായിത്തന്നനാഥാർഭക-
ക്കൊന്നെന്നുമാതങ്കമിമ്മട്ടിൽ വായ്ക്കവേ
മാദൃശന്മാരാം മഹീശർതൻ ദുഷ്ടർമ്മ-
മേതുകൊണ്ടും തന്നിദാനമായ് നിൽക്കവേ ;
ഭാഗ്യത്തിനാലെനിക്കെത്തുമാനൊത്തൊരി-
പ്പോക്ക്ളംവിട്ടു ഞാൻ സ്വാർത്ഥപ്രസക്തനായ്
തൂർണ്ണം പലായനം ചെയ്കയോ ദൂരത്തു
കാന്ദിശീകൻ കണക്കെന്തോതി ദേവരേ ?
വൈധേയമാകുമിച്ചോദനം നല്കുന്ന-
തേതൊരന്തഃകരണത്തിൻ പ്രചോദനം ?
ഇല്ല ; ഞാൻ പോവില്ല പോവില്ല സങ്കല്പ-
മുല്ലംഘനംചെയ്കയരപിശാചനായ്.
സത്യമായ് ഞാൻ നേടി പുണ്യമെന്നാകുകിൽ;
തദ്ദത്തമെന്നാൽ ഭുജിക്കേണ്ടതാകുകിൽ ;
ന്യൂനമെന്നുള്ളിലബ്ഭോജ്യം യഥാശക്തി
ദീനർതൻ കൈകയ്യമെന്നതാൻ തോന്നുകിൽ ;-
ഞാനതിന്നായിങ്ങു താമസിച്ചാലെന്തു
ഹാനിയൊന്നങ്ങേക്കു പററാൻ ശചീപതേ ?
വിണ്ണിലേക്കെന്നെക്കയററുമിപ്പക്ഷങ്ങൾ
നിർണ്ണയം ഛേദിക്ക വജ്രായുധത്തിനാൽ ;
വീഴട്ടെ ഭ്രുട്ടൽകലത്തിൽ ജനിച്ച ഞാൻ
താഴത്തചലമായ് ; നേടട്ടെ നിർവൃതി ;



Digitized By Kerala Sahitya Akademi

പേർത്തുമെൻ മസ്തകത്തിങ്കൽപ്പദങ്ങൾ വെ–
ച്ചൂർദ്ധ്വലോകത്തിൽക്കരേറട്ടെ ദേഹികൾ.
ഏതെങ്കിലും പുണ്യമെന്നിലൊന്നുണ്ടെങ്കി–
ലാതുരർക്കൗഷധിയാകട്ടെ തത്ക്ഷണം.”

## XIII

ചൊല്ലിനാൻ കാലൻ വൃഷാരോടു ഗൂഢമായ് :
“വല്ലാത്ത ക്രൂരർ ചിലപ്പോഴീബ്ഭാരതർ.
നാചികേതൻ മുമ്പൊരിക്കൽ വന്നെന്നോടു
യാചിച്ചു വേദാന്തസാരമാം ശേവധി ;
ഏകിനേൻ ഞാനതദ്ദാന്തന്നുടൻ തന്നെ
വേഗമെൻ നാടവൻ വിട്ടുപോയീടുവാൻ.
ഇമ്മിടുക്കൻതൻ കൊതിയെന്നതിഥിയായ്
സംവർത്തകാലം വരെയ്ക്കും വസിക്കുവാൻ ;
പാതകികൾക്കുള്ള ദണ്ഡനാഗാരത്തെ–
യാതുരശാലയായന്നന്നു മാറ്റുവാൻ ;
വിണ്ണൊന്നു തീർക്കുവാൻ വേറെ; ചുരുക്കത്തി–
ലെന്നെയിട്ടിമ്മട്ടു കൊട്ടയാട്ടീടുവാൻ.
ഹാ ! കഷ്ടമിപ്പോഴേ തൽപ്രഭാവത്തിനാൽ
നാകീഭവിച്ചുപോയ് നാരകം മാമകം.
ഇത്തരം ധിക്കാരഭാവം വഹിപ്പോർക്കു
പുത്രനായ് ഞാനോതു മുക്തി തീർക്കിലും
ആയതും ദ്രോഹമായ്ച്ചമയുമല്ലോ, പിന്നെ–
യീയുള്ളവനെന്തതിന്നുമേൽച്ചെയ്തീടാം ?



Digitized By Kerala Sahitya Akademi

പാശവും ദണ്ഡും ഭയപ്പെടാത്തോനോട്
   ഭീഷ ഞാനെന്തൊന്നു കാട്ടേണ്ടു തോഴരേ ?
അർണ്ണവമാചമിച്ചീടും മഹർഷികൾ
   കണ്ണൻചിരട്ടനീരന്തം വരുത്തുമോ ?
ഈവക്കണക്കുള്ളൊരു ദേഹിയോടേല്ക്കുകിൽ-
   ത്തോല്ക്കയല്ലാതില്ല ഹന്ത ! ഗത്യന്തരം.
കണ്ടുമാഴ്കിപ്പോയിതെൻ പ്രാഭവം ; മേലിലി-
   ദ്ദണ്ഡം ഭവാൻ തന്നെ വെച്ചുകൊണ്ടാൽ മതി.
തെക്കും ഭരിക്കു ! കിഴക്കുദിക്കിൻ കണ-
   ക്കക്രമം വെല്ലട്ടെയാകല്പമൂഴിയിൽ." 228

## XIV

ആഗമിച്ചാനക്ഷണത്തിലങ്ങീശ്വരൻ,
   ലോകപാലേന്ദ്രൻ, മനോജവൈവസ്വതൻ;
പാലാഴി പണ്ടു കടഞ്ഞനാൾ ഗീർവ്വാണർ
   ഹാലാഹലം കണ്ടു പേടിച്ചു മണ്ടവേ,
പൂമാതു കൌസ്തുഭം തൊട്ടുള്ള വസ്തുക്കൾ
   ദാമോദരൻപോലുമാശിച്ചടങ്ങവേ
താനാ വിഷം കുടിച്ചുമ്പർക്കു പീയൂഷ-
   പാനാവകാശം ജനിപ്പിച്ച ശങ്കരൻ ;
ചെമ്മേ പദാംബുജം കൂപ്പിയ ഗൌരിക്കു
   തന്മേനിപോലും പകുത്തേകിയോൻ പരൻ;
കേവലം ഭക്തനാം ബാണനു ഗോപുര-
   ക്കാവൽശിപായിയായ് കാലം കഴിച്ചവൻ ;



Digitized By Kerala Sahitya Akademi

വൈക്കത്തു നിത്യാന്നദാനം നടത്തുന്ന
ഭർഗൻ പവിത്രൻ പ്രപന്നാർത്തിഭഞ്ജനൻ.
“ശംഭോ ! മഹാദേവ ! ജൈവാതൃകാപീഡ !
ദംഭോളിഭൃന്മുഖ്യദേവൌഘസേവിത !
മൃത്യുസന്ത്രാതമൃകണ്ഡുജ ! ഭൂതേശ !
നിത്യം നമസ്തേ ! നമസ്തേ ! മഹാപ്രഭോ !”
ഏററമേവം രവമങ്ങുനിന്നുണ്ടായി
ചേററിൽനിന്നോമനച്ചെന്താർ കണക്കിനെ.
ആരാൽ നമസ്കരിച്ചീടിനാർ ശർവ്വനെ
സ്വാരാട്ടുമാമഹാക്ഷ്മാരാട്ടുമക്ഷണം.
ദണ്ഡപ്രണതിയിൽദ്ദേവൻെറ വാമാംഘ്രി
കണ്ടു പേടിച്ചു വിറത്തിടും മെയ്യുമായ്
പ്രാണഭയം പൂണ്ടു ഞെണ്ണുടച്ചുംകൊണ്ടു
വീണു ദിക്കിങ്കൽ കിടന്നാൻ പിതൃപതി.
പാവത്തെയീശൻ തലോടിനാൻ പാർവ്വതീ–
പാദസംവാഹനം ചെയ്യുന്ന പാണിയാൽ.
രണ്ടുണ്ടു വെൺതിങ്ക,ളൊന്നു മുടിയിൽ ; മ–
ററൊന്നു വദനത്തിൽ മന്ദഹാസാഭിധം ;
രണ്ടുണ്ടു ഗംഗയു,മൊന്നു ജടയിൽ ; മ–
ററൊന്നു വിലോചനാന്തത്തിൽ കൃപാഹ്വയം. 260

XV

ചിൽസ്വരൂപൻ ക്ഷിതിക്ഷിത്തോടു ചോദിച്ചു
“വത്സ ! നിനക്കെന്തു നല്കേണ്ടു ഞാൻ വരം ?”





Digitized By Kerala Sahitya Akademi

ആയതിനാലതിനാൻ മന്ന“നിക്കില്ല
സായുജ്യലാഭത്തിലാശ തെല്ലും വിഭോ!
പാർഷദന്മാരിലൊരുത്തനായ് ഭാവത്ക-
പാർശ്വം ഭജിപ്പാനുമില്ലെനിക്കാഗ്രഹം.
സ്വർഗ്ഗമോ മുന്നമേ വേണ്ടെന്നുവെച്ചു ഞാൻ;
മൽകർമ്മസ്വത്വം മറിച്ചായി വന്നിടാം.
ഈ നരകത്തിലിരുന്നുകൊണ്ടീനാഥാ
ദീനർക്കു ശുശ്രൂഷ ചെയ്വാൻ കൊതിപ്പു ഞാൻ.
ഈ മരുഭൂമി താനെൻ നന്ദനാരാമ-
മീ മൃഗതൃഷ്ണ താൻ മേലെൻ സുധാരസം.
ദുഃഖിതന്മാരാകുമീയെന്റെ സോദര്യ-
രൊക്കെയും സ്വർഗ്ഗസ്ഥരാകുന്ന വേളയിൽ
ചെന്നിടാം ഞാനമട്ടിക്കിരുകടെസ്ഥിയിൽ
തന്നിർഭരാനന്ദസമ്പത്തു കാണുവാൻ.
വേലാതിഗാനുകമ്പാഗാര! വിശ്വേശ!
ലീലാവിതീർണ്ണസർവ്വാരാധകേപ്സിത!
ഇക്കാമിതം നല്കിയെന്നെ കടാക്ഷിച്ചു
ചിൽക്കാതലേ; ചെറ്റനുഗ്രഹിക്കേണമേ!”

XVI

ശങ്കരൻ കല്പിച്ചു; “ദിക്പാലരേ! ഭവൽ-
സങ്കടം കണ്ടു ഞാനത്ര വന്നീടിനേൻ.
എത്രയോ വർഷസഹസ്രങ്ങൾ തന്നിടം
യ്യിത്തരമേകൻ ജനിക്കണം ഭൂമിയിൽ.



Digitized By Kerala Sahitya Akademi

അന്യർതൻ പാപമാം ഭാണ്ഡം ചുമക്കുവാൻ
സന്നദ്ധനാകുന്ന സർവ്വപൂരുഷാഗ്രിമൻ ;
ആഗന്തുകോപാസനത്തിന്നു മാത്രമാ-
യാഹന്ത ! ഗാർഹസ്ഥ്യമാചരിക്കുന്നവൻ.
കാണുന്നതില്ലയോ ശോകാശ്രുപൂർണ്ണമായ്-
ച്ചേണുറ്റു മിന്നുമിദ്ദിവ്യന്റെയാനനം ?
എൻ ഗംഗയിൽച്ചെന്നു മജ്ജനം ചെയ്കിലേ
പങ്കം ശമിക്കൂ ! ഭവാമയം മാറിടൂ ;
ഇഗ്ഗംഗയമ്മട്ടിലല്ലിതീക്ഷിക്കുകിൽ
സ്വർഗ്ഗം സുഖാരോഹമേവർക്കുമക്ഷണം.
അന്യാർത്ഥമായിട്ടും ജീവിതത്താൽ മാത്ര-
മെന്നാലവാപ്തമെന്നാക്കണമെൻ പദം.
അക്ഷാമമൈശ്വര്യമാക്കും വളർത്തി ഞാൻ
ഭിക്ഷാടനംചെയ്തു ദേഹം പുലർത്തുവോൻ ;
ചീനപട്ടാംബരം മററുള്ളവർക്കേകി-
യാനതൻ തോലുടുത്താനന്ദമേന്തുവോൻ.
ഏററട്ടെ സർവ്വരും സ്വർഗ്ഗത്തിലിദ്ദയാ-
വീരന്റെ സത്യം യഥാർത്ഥമായ്ത്തീരുവാൻ,
ഈ രോമഹർഷണത്യാഗസമ്രാട്ടിന്റെ
പൌരന്ദരാർദ്ധാസനാരോഹണോത്സവം
യുക്തമല്ലീ നമ്മളും ഘോഷിച്ചുകൊള്ളേണ്ട-
തിത്രയും കാരാഗൃഹസ്ഥർതൻ മുക്തിയാൽ ?
പോയാലുമെൻവത്സ ! നീയുദ്ധരിച്ചാലു-
മീയാതനാലോകബദ്ധരെല്ലാരെയും." 308



Digitized By Kerala Sahitya Akademi

## XVII

ശിവൻ മറഞ്ഞു ; ശതമഖനോടൊത്തു
  സർവ്വരും കേറി വിമാനത്തിൽ നാരകർ ;
ഭൂയവക്കൊക്കയും പിന്നിലായ് ശങ്കര-
  പ്രായൻ മഹീശനം പ്രത്യക്ഷവൈഭവൻ.
ആനനം പേർത്തും കുനിച്ചുകൊണ്ടക്കാഴ്ച
  കാണുവാൻ മേലാതെ ഭീയനായ്, ഹ്രീണനായ്,
മോഷ്ടാക്കൾ സർവ്വവും തട്ടിപ്പറിച്ചോരു
  വീട്ടെജമാനൻകണക്കെ നിന്നാൻ യമൻ.
ഉല്ലസിച്ചില്ലെന്നു ചൊല്ലുന്നതില്ല ഞാൻ
  തെല്ലനർഘ്യാർഘ്യം ലഭിച്ച തൽസേവകർ ;
എങ്കിലും നാരകബന്ദികളാകാഞ്ഞു
  സങ്കടപ്പെട്ടാർ പരോക്ഷദേവാലയർ. 320

---



Digitized By Kerala Sahitya Akademi

## പൊയ്യോറാവിൽ

ചൊല്ലിനാൻ സാമുദ്രികൻ:
"ഞാനോതാമങ്ങേമ്പ് ഭാഗ്യ-
മുള്ള കൈയിങ്ങോട്ടൊന്നു
കാട്ടിയാൽ മാത്രം മതി."
ഓതിനേൻ ഞാ "നെൻ ഭാഗ്യ-
മെന്നുള്ള കൈയിലതന്നെ ;
ഹാ ! തെല്ലുമങ്ങേക്കെണ്ണി-
ല്ലതിന്നിരിപ്പിടം." 4

x x x x x

ലക്ഷണക്കാരൻ ചൊന്നാൻ ;
"ശൌളിതൻ വാക്കിൽക്കൂടി-
യിക്ഷണം ഭവൽഭാവി
ഞാനറിഞ്ഞുരച്ചിടാം."
ഏകിനേൻ പ്രത്യുത്തരം:
"ഹൂ ഹൂ"വെന്നതോതുന്ന-
താകില്ലക്കാര്യം താങ്കൾ-
ക്കെന്നതൊന്നേപ്പോഴല്ലീ ? " 8

x x x x

ജ്യോതിഷക്കാരൻ കഥി-
ച്ചീടിനാൻ : "കാട്ടൂ ഭവ-
ജ്ജാതകം ; ഗ്രഹിപ്പിക്കാം
സൂക്ഷ്മമായായുര്യോഗം. "



Digitized By Kerala Sahitya Akademi

ആയതിന്നുരച്ചേൻ ഞാൻ ;
“ഒന്നെനിക്കറപ്പുണ്ടീ-
യായുസ്സിന്നന്താവരാ-
മിപ്പോഴോ മേലാക്കമോ.” 12

x x x x

മന്ത്രശാസ്ത്രജ്ഞൻ ചൊന്നാൻ
“മന്ത്രത്താലുണ്ടാം സിദ്ധി;-
യെന്തതെന്നോതാം ; കുറേ
സ്വാദ്ധ്യായം ചെയ്താൽപ്പോരും.”
ഉത്തരം ചൊന്നേൻ : “എന്റെ
മന്ത്രം ഞാൻ ജപിപ്പതു-
ണ്ടുദ്യമം— വീണ്ടും വീണ്ടു-
മുദ്യമം —സാവിജ്ജീവം” 16

x x x x

ഓതിനാൻ മതാചാര്യൻ
“ദൈവത്തെദ്ദർശിക്കേണ്ടും
പാത ഞാൻ കാട്ടിത്തരാം-
മെന്നോടുകൂടിപ്പോരൂ.”
പ്രത്യുക്തി ചൊല്ലീടിനേൻ:
“എന്നുള്ളിലുണ്ടെൻ ദൈവം,
സത്യധർമ്മാനുഷ്ഠാന-
മാത്രത്താൽ പ്രസാദിപ്പോൻ.” 20

x x x x



Digitized By Kerala Sahitya Akademi

പൊയ്ക്കൊള്ളുവിൻ

സോദരന്മാരേ നിങ്ങൾ
        പൊയ്ക്കൊള്ളുവിൻ! യുഷ്മത് സാഹ്യ-
മേതുമൊന്നാശിപ്പതി-
        ല്ലെന്മനം ജ്ഞാതജ്ഞേയം.
ആത്മമിത്രാനുഗ്രഹം
        കൈവന്നോരെനിക്കെന്തു-
ണ്ടാവശ്യം ഭവാദൃശ-
        ജ്യോതിരിംഗണങ്ങളാൽ? 24

---

Digitized By Kerala Sahitya Akademi

# തമ്മിലടി

വന്മരച്ചോലയിൽത്തൂക്കി
വരിനെല്ലൊരു മൂലയിൽ
വസിക്കുന്നു താംപാത്ത്
വലവച്ചു വനചാരൻ. 1

പാടിയാടിത്തുന്നങ്ങു
ഭക്ഷ്യം തേടി നടക്കവെ
പതിച്ചിട്ടുന്നു പോയ് നാലു
പാവപ്പെട്ട പതത്രികൾ. 2

പററിച്ചു വേടനെന്നോർത്ത-
പ്പതംഗങ്ങളതിദ്രുതം
വാനിലേക്കൽപതിക്കുന്നു
വലയുംകൊണ്ടു തൽക്ഷണം. 3

വളരെബ്ഭദ്രമായ്ത്താങ്ങി
വലതൻ നാലുമൂലയും,
വീണ്ടും പായുന്നു മുന്നോട്ടാ
വിഹായസവിഹാരികൾ. 4

വാനത്തവ പറക്കുന്ന
വഴിനോക്കിക്കിരാതനും
തറയിൽക്കൂടിയോടുന്നു
തനിക്കാംമട്ടി വേഗമായ് 5



Digitized By Kerala Sahitya Akademi

മർത്ത്യമാർഗ്ഗം തപം ചെയ്യും
മഹർഷിയപ്പുകാണവേ
വേടനോടേവമോതുന്നു
വിസ്മയാവിഷ്ടചിത്തനായ്. 6

"ഭ്രാതാവേ! ചെയ്വതെന്തിന്നു
ഭവാനീയതിസാഹസം?
പറക്കുന്ന പതംഗത്തെ-
പ്പാദചാരി പിടിക്കുമോ?" 7

ഓതുന്നു പകരം വ്യാധൻ;
"ഒന്നങ്ങേയ്ക്കോർമ്മവിട്ടുപോയ്.
അനൈകമത്യമെന്നൊന്നു-
ണ്ടഹോ! പക്ഷികുലത്തിലും. 8

നഭസ്സിലിവ യോജിച്ചു
നാലുമൊപ്പം പറക്കുകിൽ
സമ്മതിച്ചേ, നെനിക്കില്ല
ധൈര്യകയ്യും വാഞ്ഛര നേടുവാൻ. 9

പരക്കെ തെല്ലിട ചെല്ലുമ്പോൾ
പാലിക്കില്ലിവ സൌഹൃദം;
മത്സരിക്കു,മതാണല്ലോ
മാദൃശർക്കാരനുഗ്രഹം. 10





Digitized By Kerala Sahitya Akademi

മറക്കും നിലവേഗത്തിൽ
മല്ലുതട്ടും പരസ്പരം ;
മറിഞ്ഞടിച്ചുടൻ വീഴും
മന്നിലീ മന്ദബുദ്ധികൾ. 11

എത്ര ഞാൻ കണ്ടിരിക്കുന്നു-
ണ്ടിമ്മട്ടുള്ള ഖഗങ്ങളെ—
തമ്മിൽത്തല്ലിക്കലാശത്തിൽ-
ത്താഴെ വീഴുന്ന കൂട്ടരെ ! 12

കാണാമതിപ്പോ"ളെന്നോതി-
ക്കാട്ടാളൻ കണ്ണയത്തവേ
കയർത്തോരോ വഴക്കിട്ടു
കലഹിക്കുന്നു പക്ഷികൾ. 13

പുതുരാഗങ്ങളോടൊത്തുന്നു
പുറകേ പോം പതത്രികൾ:
"നിങ്ങൾക്കു മാത്രമോ ചൊൽവിൻ
നേതൃത്വം സർവ്വകാലവും ? 14

എന്തുണ്ടു ഭേദമീ നമ്മ-
ളെല്ലാം പക്ഷികളല്ലയോ ?
ആണെങ്കിൽപ്പിന്നെയെന്തിന്നീ-
യസമത്വം പുലർത്തണം ? 15



Digitized By Kerala Sahitya Akademi

നീളേയ്ക്കു നിലനില്ക്കുന്ന
നീതിയല്ലിതു കൂട്ടരേ!
പോരുവിൻ പുറകോ,ട്ടൊന്നു
പോകട്ടേ മുന്നിൽ ഞങ്ങളും." 16

മുററുമുത്തരമോതുന്നു
മുന്നിൽപ്പോകുന്ന പക്ഷികൾ:
"തുലഞ്ഞുപോമീ വാഗ്വാദം
തുടർന്നാൽ നമ്മൾ നാല്വരും. 17

കരാളമയ്യോ! കണ്ഠത്തിൽ-
ക്കാലപാശം പതിച്ചവർ
കാട്ടാളന്നിരയാമല്ലോ
കർത്തവ്യമറിയായ്കിൽ നാം. 18

വല്ലേടത്തും പറന്നെത്തി
വലകണ്ഡിച്ചെറിഞ്ഞു നാം
വിവാദക്രീഡ ചെയ്തിടാം
വീണ്ടും സ്വാസ്ഥ്യം ലഭിക്കുകിൽ." 19

കോപിച്ചപരരോതുന്നു:
"കൊള്ളാമിപ്പിട്ടു കൂട്ടരേ!
ഇല്ലായ്കയില്ലിവർക്കും കെ-
ല്പീവിമാനം നയിക്കുവാൻ. 20



Digitized By Kerala Sahitya Akademi

പരക്കുമുണ്ടു ഗേഹത്തിൽ
ഭാര്യാപുത്രാദിബാന്ധവർ,
വിജയത്തിങ്കൽ മോദിപ്പാൻ—
വിമാനനയിൽ മാഴ്കുവാൻ. 21

കാലന്റെ വായിലോ ചെന്നു
കാട്ടാളന്റെ കരത്തിലോ
പ്പതിച്ചാലെന്തു ഞങ്ങൾക്കീ-
പ്പശ്ചാൽസ്ഥാനം നശിക്കണം. 22

പിടിയായ്, വലിയായ്, തമ്മിൽ ;
പിറ്റേക്ഷണമസംശയം
വേടനൊരു പൊതിച്ചോറു
വിണ്ണിൽനിന്നു ലഭിക്കയായ്. 23

വലയായ്, പക്ഷികളുമായ്,
വാരിയെല്ലാമെടുത്തുടൻ
പോകുന്നു മുനിയെപ്പാർത്തു
പ്പുഞ്ചിരിക്കൊണ്ടു ലുബ്ധകൻ. 24

അക്കാഴ്ചകണ്ടു ലോകത്തി-
ന്നപാരാന്ധ്യത്തെയോർക്കവേ
നെടുവീർപ്പിട്ടു നില്ക്കുന്നു
നിരാനന്ദൻ തപോധനൻ. 25

x x x x



Digitized By Kerala Sahitya Akademi

വാനിൽച്ചരിക്കുവാൻ ദൈവം
വരം നല്കിയ വത്സരേ !
സ്വാതന്ത്ര്യാമൃതലാഭത്തിൽ
സുഖിക്കേണ്ടും ഖഗങ്ങളേ ! 26

വീതപുണ്യർ വിമാനസ്ഥർ
വിണ്ണവർക്കെന്ന രീതിയിൽ
കഴിഞ്ഞുവല്ലോ നിങ്ങൾക്കും
കാലം കല്യാണദായകം ! (യുഗ്മകം) 27

കൊന്നുതിന്നാലുമായ് വേടൻ ;
കൊണ്ടുകൊണ്ടാലുമായ് ധനം ;
എന്താകിലെന്തു ? ഹാ നിങ്ങൾ-
ക്കെന്നിനി സ്വൈരജീവിതം ? 28



Digitized By Kerala Sahitya Akademi

## ഗുരുവും ശിഷ്യനും

I

ശിഷ്യനോടോതീടിനാ-
നാചാര്യൻ : "ധരിച്ചല്ലോ
വത്സ ! നീ രഹസ്യമാം
വിഷ്ണുഭക്തിതൻ സാരം.
പോയിടാം നിനക്കിനി-
യന്യനായ് സ്വഗേഹത്തിൽ
സ്വീയമാം ധർമ്മം ചരി-
ച്ചന്തത്തിൽ നേടാം മോക്ഷം.
ഓർക്കുവാനൊന്നുണ്ടു നീ-
യുത്തമന്മാർക്കല്ലാതെ
കേൾക്കുവാൻ പാടുള്ളത-
ല്ലിത്തത്ത്വം മഹാഗോപ്യം.
അപകൃഷ്ടന്മാർക്കാർക്കു-
മതിനാലൊരിക്കലു-
മുപദേശിക്കൊല്ലിതെൻ
ബാല ! നീയോർമ്മിക്കാതെ."

II

ഉത്തമൻ — അപകൃഷ്ടൻ —
ആ രണ്ടു ശബ്ദങ്ങളു-
മർത്ഥത്തിൽ ഭിന്നങ്ങളെ-
ന്നല്പാത്മൻ ധരിച്ചില.



Digitized By Kerala Sahitya Akademi

## ഗുരുവും ശിഷ്യനും

മന്നിതിൽ ജനിച്ചോരു
 മർത്ത്യരേവരും തുല്യ-
രൊന്നുകിലുൽകൃഷ്ടന്മാ-
 രല്ലെങ്കിൽ നികൃഷ്ടന്മാർ.
തെല്ലവൻ പകച്ചുനി-
 ന്നോതിനാൻ "ഭവാനിപ്പോൾ-
ച്ചൊല്ലുമക്തിയിൽത്തെല്ലു
 സന്ദേഹമുണ്ടെൻ ഗുരോ!
പക്ഷേ ഞാനിക്കാര്യത്തി-
 ലാഗസച്ചിന്തയായിപ്പോയാൽ —
ശിക്ഷണം സമസ്തക്കും
 ചെയ്യുവാനുദ്യോഗിച്ചാൽ—,
എന്തെനിക്കതിൻ ഫലം?"
 ഗർജ്ജിച്ചാനധ്യാപകൻ:
"ഹന്ത! നീ വീഴും ചെന്നു
 നാരകച്ചെന്തീക്കുള്ളിൽ."
"അവർക്കോ? സ്വാമിൻ! ഭവ-
 ദൃഷ്ടിയിലപകൃഷ്ട-
ർക്കവശ,ർക്കസഹായ,—
 ർക്കുമൊന്നരുളണോ!"
"അവർക്കോ?— ഗുരു തെല്ലൊ-
 ന്നാലോചിച്ചുരചെയ്തു:
"ഭവിക്കാതിരിക്കില്ല
 നന്മയെന്നാണെൻ മതം.



Digitized By Kerala Sahitya Akademi

പരമുൽഗതിതന്നെ
ഫലമാപ്തിതന്മാ,-
ക്കൊരുവൻ വിതയ്ക്കുന്ന-
തപരൻ കൊയ്യില്ലല്ലോ."

III

"ശരി" യെന്നോതിശ്ശിഷ്യ-
നാചാര്യൻ കാൺകെത്തന്നെ
നിരത്തിലിറങ്ങിനി-
ന്നിമ്മട്ടിലുൽഘോഷിച്ചു.
"വരുവിൻ പതിതരേ!
വരുവിൻ സമീപം; ഞാൻ
ഹരിഭക്തിതൻ തത്വ-
മുപദേശിപ്പൻ; കേൾപ്പിൻ."
ഹാ! പരം നിഷ്കൃഷ്ടമാം
മട്ടിലിത്തത്വം വിജ്ഞ-
നാബാലമാചണ്ഡാല-
മാരെയും ഗ്രഹിപ്പിച്ചു.
ആകാശം മറഞ്ഞിടി-
ഞ്ഞൂഴിയിൽപ്പതിച്ചില്ല;
സാഗരം ഹിമാദ്രിതൻ
മൌലിയിൽക്കരേറീല;
കണ്ടുനായ്ജ്ജഗൽപ്രാണൻ
വിണ്ണിൽപ്പുക്കൊളിച്ചീല;



Digitized By Kerala Sahitya Akademi

ദണ്ഡുമായ്ത്തുള്ളിച്ചാടി-
യന്തകൻ പാഞ്ഞെത്തീല.
കീഴിലെക്കണക്കതാ-
നപ്പോഴും ക്ഷിതി,യൊരു
പാഴനാചാരപ്പൊള്ള-
നീർപ്പോളമാത്രം പൊട്ടി.

## IV

എത്തിനാനുപാധ്യായൻ
ശിഷ്യൻ തന്നുപാന്തത്തിൽ
മിഥ്യയോ തൻ വാക്കെന്നു
ശങ്കിച്ചും വിഷാദിച്ചും.
ഓതിനാൻ ഛാത്രൻ "ഗുരോ!
സത്യമാം ഭവത്സൂക്തി-
ക്കേതുമേ വികല്പമി-
ല്ലെന്നു ഞാൻ കാട്ടിക്കൊള്ളാം,
ദേഹത്തിന്നന്തംവരും
നേരത്തോളവും സർവ്വ-
ലോകകർമ്മിത്തത്വത്തിൻ
സന്തതോപദേശത്താൽ.
പിന്നീടെൻ പ്രാപ്യസ്ഥാന-
മേതെന്നു കാണിച്ചരുളുമോ ?
മന്നിലങ്ങോതും വാക്ക
വിശ്വസിച്ചിടാമാർക്കും.




Digitized By Kerala Sahitya Akademi

മണ്ണായ് ഞാൻ കിടന്നിടാ-
മെന്നുമീവാപീക്കുള്ളി-
ലെന്നിൽ നിന്നൊന്നോ രണ്ടോ
താമരപ്പൂവുണ്ടാകിൽ."

x x x x x x

ആധീരനാരെന്നോ ? ഞാൻ
ചൊല്ലുവൻ ; കേൾപ്പിൻ ; വിശി-
ഷ്ടാദ്വൈതോപദേഷ്ടാവാ-
മാചാര്യൻ രാമാനുജൻ. 48



Digitized By Kerala Sahitya Akademi

# പണക്കാരൻ

I

പണക്കാരനൊരാളുണ്ടു
പട്ടണത്തിൽ പ്രമാണിയായ് ;
അവന്റെ തുണ കൈവിട്ട-
ങ്ങാർക്കും മേല പൊറുക്കുവാൻ. 1

അരുത്തകൈക്കൊരുശ്ലോകി-
യന്നോളമറിയാത്തവൻ ;
ദാഹിച്ച വഴിപോക്കർക്കു
തണ്ണീർപോലും കൊടാത്തവൻ ; 2

പാവങ്ങൾ കാശിരക്കുമ്പോൾ
പാളയിൽ കല്ലിടുന്നവൻ ;
കഴകംമുൻപെച്ചിലായ
കഞ്ഞിൽ വറ്റെണ്ണിനോക്കുവൻ ; 3

വിരിക്കയില്ല മുണ്ടെന്നു
വീരവ്രതമെടുത്തവൻ ;
നശിക്കും രോമമെന്നോർത്തു
നാപിതന്മാർക്കകന്നവൻ. 4

പഞ്ഞം പരന്നു ; ലോകർക്കു
പാടേ പട്ടിണിയായ്ഗതി ;
മഴനീരൂഴിയിൽത്തൂകാൻ
മാനം തീരെ മറന്നുപോയ്. 5



Digitized By Kerala Sahitya Akademi

അക്കാലംജലമില്ലങ്ങ-
മലയാഴിയിലെന്നിയേ ;
അതിന്മട്ടില്ലതാൻ നെല്ലു-
മാഢ്യൻതൻ വീട്ടിലെന്നിയേ. 6

II

കാൽക്കൽ മാതളനാരങ്ങ
കാഴ്ചവച്ചോരു കർഷകൻ
നിരത്തിപ്പണവും മുന്നിൽ-
നിന്നിവണ്ണമുണർത്തിനാൻ. 7

"പ്രഭോ ! തരേണമേ ! നെല്ലീ-
പ്പാവത്തിന്നല്പമെങ്കിലും ;
കായുന്നു നീരടുപ്പത്തു ;
കഞ്ഞിക്കില്ലൊരു കററരി." 8

അതുകേട്ടു ഞെളിഞ്ഞോതീ-
യവൻ: "ഞാനെന്തു ചെയ്യണം ?
എല്ലാർക്കും ഭോജനം നല്കാ-
നെൻവീടക്ഷയപാത്രമോ ? 9

പത്തായമൊഴിവായ് ;—നോക്കാം ;
പക്ഷേ കാണുമൊരിത്തിരി ;
ഇരട്ടിവിലകിട്ടുമ്പോ-
ളില്ലെന്നോതുന്നതെങ്ങനെ ? 10



Digitized By Kerala Sahitya Akademi

മൂല്യമല്ലിതു ചിന്തിക്കിൽ,
മുററും നിൻ കാഴ്ചവെയ്പ്പലാം ;
ധാന്യമല്ലതു; മെന്നന്ന–
ദാനത്തിൻ രൂപഭേദമാം." 11

കൊച്ചിടങ്ങഴിയൊന്നങ്ങു
കൊണ്ടുവന്നാൻ കുമാരകൻ ;
പതിരും മണലും നെല്ലിൽ-
പ്പകന്നാലം ഗൃഹധർമ്മിണി. 12

വടിച്ചളന്നു നെല്ലേകീ
വൈദഗ്ദ്ധ്യം വാച്ച വർത്തകൻ ;
ഒന്നിന്നു പാതിവാങ്ങിക്കൊ-
ണ്ടൊതുങ്ങീ വന്ന കർഷകൻ. 13

III

തോട്ടരിച്ചാഢ്യനാപ്പകം
തൊള്ളയ്ക്കുള്ളിൽച്ചെലുത്തിനാൻ,
ഒരൊററക്കുരു നല്കാതെ-
യോമനസ്സൂനും കുമാരനും. 14

നന്നല്ലിതേതും നിങ്ങൾക്കു ;
നാളെപ്പിന്നെക്കിടപ്പിലാം ;
എനിക്കോ ? ഞാൻ വയസ്സായോ-
നെന്തിന്നും കാപ്പുകെട്ടിയോൻ. 15



Digitized By Kerala Sahitya Akademi

കയ്പുമുണ്ടൊരുപാ, ടെന്തോ
കണ്ടാലിത്തിരി കൌതുകം !
ആത്തെണ്ടിക്കൊരു നാരങ്ങ-
യമ്മട്ടല്ലാതെ കിട്ടുമോ ?" 16

ഊറുന്നൊരുമിനീരോടു-
മുയരും നെടുവീർപ്പോടും
അമ്മയും മകനും കേട്ടാ-
രവൻതൻ സ്വാർത്ഥജല്പനം. 17

IV

പുലർച്ചയ്ക്കങ്ങു പിറേറന്നു
പുത്തനായൊരു "തോട്ടി"യെ
അടിമാച്ചിലുമായ് നില്പ-
തവൻ കാണുന്നു വീഥിയിൽ. 18

വിളിച്ചവനൊടോതുന്നു
വിദ്വാൻ : "നോക്കെടാ മുന്നിൽ നീ
ആത്തങ്കത്തകിടിൻ മേന്മ-
യടക്കും മാതളത്തൊലി. 19

എന്മാതളത്തിൻ തൊലിയാ-
ണെന്നതോർക്കുന്നതില്ലയോ—
ഇന്നലെപ്പതിവിൻ മട്ടി-
ലിഞ്ഞാൻ ഭക്ഷിച്ചതിൻ തൊലി ? 20



Digitized By Kerala Sahitya Akademi

കാണ്ണീല്ല മററാരേടത്തി-
ക്കാഴ്ച നീ കൌതുകപ്രദം.
ഇപ്പട്ടണത്തിലാക്കൊക്ക-
മിത്തരം ഭുക്തിചെയ്യുവാൻ ? 21

എല്ലാം ചെററകളിട്ടിക്കി-
ലെല്ലാം തെരുവുതെണ്ടികൾ ;
പണം വേണ്ടേ പഴം വാങ്ങാൻ ?
പാപ്പക്കുളു നടക്കുമോ ?” 22

അത്തോടെടുത്തു കൈകൊണ്ടാ-
ട്ടത്തിൽപ്പുററിയതാം ചള്ളി
ത്തുടച്ചപ്പുറമോത്തുന്നു
തോട്ടിയുത്തരമിങ്ങനെ. 23

“എന്തേ, കളഞ്ഞതിമ്മട്ട-
ങ്ങീ നല്ലൊരു പഴത്തൊലി ?
പുളിശ്ശേരിക്കരച്ചീടാൻ
ഭുവിലെന്തുണ്ടിതിൻപടി ? 24

ഏവരും തിന്നിടുന്നുണ്ടാ-
മെത്രയോ മാതളമ്പഴം ;
തോടെടുത്തെറിയുന്നില്ല
ദ്ദൂർത്തയ,രറിഞ്ഞവർ. 25



Digitized By Kerala Sahitya Akademi

തെളിഞ്ഞില്ലിതുകൊണ്ടങ്ങേ–
ട്ടിവ്യത്യാസം ലവലേശവും.
എന്താകിലെന്തെനിക്കിത്തോ–
ടിന്നത്തെക്കൊരുനേട്ടമായ്. 26

ഗൃഹസ്ഥൻ വീണ്ടുമോതുന്നു :
"കേൾക്കുകെൻ വാക്കു സോദര !
അറിഞ്ഞോനല്ല ഞാൻ തെല്ലു–
മപ്പഴത്തൊലിതൻ ഗുണം. 27

അതിങ്ങിട്ടു ; കൊതിപ്പൂ ഞാ–
നാപ്പുളിശ്ശേരി കൂട്ടുവാൻ ;
പരീക്ഷിക്കട്ടെ നിൻവാക്കിൻ
പാരമാർത്ഥ്യവുമിക്ഷണം." 28

"നല്കിടാമെന്നൊടൊത്തങ്ങു
നാലഞ്ചടി നടക്കുകിൽ."
എന്നോതി തോട്ടി ; തയ്യാറാ–
യെത്തീ പുറകിൽ വിത്തവാൻ. 29

വലിച്ചെറിഞ്ഞാൻ ദൂരത്തു
വാളക്കുഴിയിലത്തൊലി ;
എന്നിട്ടു ചൊന്നാനാഗതനോ–
"ടെന്തിന്നിത്ര പരിഭ്രമം ? 30



Digitized By Kerala Sahitya Akademi

താഴ്ത്തു ചാടാമങ്ങേയ്ക്കു-
ത്തങ്കത്തകിടെടുത്തിടാം ;
ഭക്ഷണത്തിന്നരച്ചീടാം ;
പതക്കം തീർത്തണിഞ്ഞിടാം.” 31

ഭൂഷിച്ചും പുഞ്ചിരിക്കൊണ്ടും
തോട്ടിനിന്നാൻ ; ധനാഢ്യനോ,
വൻകപ്പലാഴിയിൽത്താണ
വണിക്കിൻ നില തേടിനാൻ. 32

രാവല്ല വേള ; പോകുന്നു
രാജമാർഗ്ഗത്തിലാളുകൾ ;
സാക്ഷികൾ തോട്ടിയും നിൽപൂ ;—
തൻ പോയ മുതൽ പോയതായ്. 33

പക്ഷേ മുൻപറ്റപ്പുഴം തന്നെ
പാവത്തിൻ വീട്ടിൽ നാരകം
ഒരുകാ മാത്രമായ് കായ്ച്ചി-
ല്ലൊന്നു ചെന്നങ്ങു നോക്കിടാം. 34

കാഴ്ച വച്ചിയ്യുമല്ലെങ്കിൽ
കവർന്നിട്ടുമെടുത്തിടും ;
കാശിന്നധീശനാം തന്റെ
കൈ തെല്ലാർക്കു തടുത്തിടാം ? 35



15

Digitized By Kerala Sahitya Akademi

എന്നുള്ളിലോർത്തുകൊണ്ടങ്ങോ-
ട്ടെടുത്താനോട്ടമൊന്നവൻ,
സമയത്തെററു പററീടിൽ-
ത്തലപോകുന്ന മാതിരി. 36

കുടിക്കില്ലൊരുവാ കാപ്പി;
കുടയില്ല പിടിക്കുവാൻ;
ഒരുങ്ങേണ്ടൊട്ടുമബ്ഭവ്യ-
ന്നോടിടാമൊററമുണ്ടുമായ്. 37

V

ഫലിച്ചിടട്ടെ നിന്മോഹം
പാപത്തിൻ നരരൂപമേ!
ഭദ്രമായ്പ്പാർത്തിരിക്കട്ടെ
ഭണ്ഡാരത്തിങ്കൽ നിൻ ധനം, 38

കാലന്റെ കിങ്കരന്മാർക്കു
കൈക്കൊണ്ടു കാഴ്ചവെയ്ക്കുവാൻ;
പരലോകപ്രയാണത്തിൽ
പാഥേയദ്രവ്യമാകുവാൻ. (യുഗ്മകം) 39

നിനക്കൊരററ തീർക്കുന്നു
നിരയത്തിങ്കലന്തകൻ,
അങ്ങെത്തിടുമ്പോൾ നിർബ്ബാധ-
മാദ്ധനം വെച്ചുപൂട്ടുവാൻ! 40



Digitized By Kerala Sahitya Akademi

# സ്വതന്ത്രത

I

അടിമവ്യാപാരം നിറുത്തൽ ചെയ്തതായ്
നടിച്ചു പാശ്ചാത്യർ മദിച്ചിരിക്കുന്നു.
എവിടെയാണതെന്നെനിക്കു സംശയ-
മവനിയിങ്കലോ കുജഗ്രഹത്തിലോ ?
ഒരേകശാസിതാവവർക്കിടയിൽത്തൻ
ചെറുവിരൽത്തുമ്പൊന്നിളക്കിയാൽപ്പോരും ;
ഉടനുടൻ പടയ്ക്കൊരുങ്ങിനിരക്കയായ്
കടൽ, കര, വിയത്തിവയിൽ മൂന്നിലും.
കുതിച്ചുലച്ചുവാച്ചിരച്ചുപൊങ്ങുമാ-
പ്രതിഭയബലപ്രളയസാഗരം
കബളനംചെയ്യാനൊരുങ്ങിനില്ക്കയാ-
യബലഭൂതലകുശലമൊക്കെയും.
നരകനാഥനാം പിതൃപതിയുടെ
പരിജനങ്ങൾതൻ പരിചിലക്കൂട്ടർ
അസുപിപാസപൂണ്ടലറിയാർത്തണ-
ഞ്ഞതസഹ്യമാക്കുന്നു മനുഷ്യജീവിതം.
സ്ഥവിര,രാതുരർ, ശിശുക്കൾ, നാരിമാ-
രെവരുമാകട്ടെ ഹിതരല്ലാത്തവർ ;
അരമവരെക്കൊന്നൊടുക്കുമദ്ദുഷ്ടർ
ശരമഴത്താലും ജ്വലനാസ്ത്രത്താലും.



Digitized By Kerala Sahitya Akademi

## II

ജനനത്താലവർ പിശാചുകളല്ല ;
　ജനനിമാർപെററ നരർ നമുക്കൊപ്പം
അവരെയിങ്ങനെ വളർത്തിവാഴ്കയാ-
　ണവരമൂർത്തികാബുഭുക്ഷയാൽച്ചിലർ.
സപദി തദ്ദുർഭഗർ മുഴുവനി-
　ത്ത്രിപുരർ തന്നാജ്ഞയ്ക്കടിവണങ്ങണം ;
ഒരക്ഷരം മറുത്തൊരുവനോതിയാൽ
　മരണമക്ഷണമവൻ വരിക്കണം.
കൊലയവർക്കൊരു കലയായ്ത്തീർന്നപോ-
　യുലകിൽ ധർമ്മത്തിൻ മുരട്ടന്നങ്ങിപ്പോയ് ;
എവിടെയും കാണ്മതവശമർദ്ദന-
　മെവിടെയും കേൾപ്പതനാഥരോദനം.
കരത്തിൽത്തൽപക്ഷ്യർ വഹിപ്പതില്ലാമം ;
　കഴലിലായസനിഗഡവും ;— പക്ഷേ
ഉടലവർക്കൊട്ടൊന്നനക്കവാൻ ചര-
　ട്ടടമയാന്നവൻ വലിക്കിലേ പററൂ.
ഒരേ മതം തങ്ങൾക്കഖിലർക്കുമെന്നു
　പരർ നിനയ്ക്കുമാറവർ പുലരുന്നു,
ഒരു തൃണം പോലും മുളപ്പിച്ചീടാത്ത
　മരുപ്പറമ്പിലേ മണൽത്തരികളായ്.



Digitized By Kerala Sahitya Akademi

അറുത്തറുത്തന്തഃകരണം വിററന്ന-
ന്നരിപ്പടിവാങ്ങിക്കഴിയുവോരവർ
പരം സ്വാതന്ത്ര്യരെന്നിരിക്കിൽ മററന്ത്യ-
ണ്ടീരവുതാൻ പകൽ ; വിഷംതാൻ പീയൂഷം.
അഹഹ ! നിങ്ങൾക്ക മുഖത്തു കണ്ണില്ലേ
സഹജരേ ? നോക്കിപ്പറവിനാമെങ്കിൽ :—
ഹൃദയത്തെദ്ദൈവമുടലിൽ സ്ഥാപിച്ചു-
തുദരഭാണ്ഡത്തിന്നടിയിലോ മേലോ ?
അധർമ്മമാചരിച്ചസംഖ്യസോദര-
വധംചെയ്യേന്തിന്നീ വയർ പുലത്തണം ?
കണപത്തെത്തിന്നും കറുനരികൾതൻ
ജനിയുമെത്രമേലിതിൽനിന്നൽകൃഷ്ടം ?

## III

ഇതെവരയ്ക്കുള്ള ഭജിച്ചുപോന്നതാം
സ്വാതന്ത്ര്യതാഭിധേ ! ശുഭപ്രദേ ! ദേവി !
പരമനാഥയായ് ഭവതിയിന്നെങ്ങും
മരണഭീതിപൂണ്ടുഴലുമാറായി.
വനേചരർ പലരൊരരമുഹൂത്തത്തിൽ
കണങ്ങളെയ്യിട്ടും ഹരിണിപോലവേ
അവനിയിലെങ്ങുമഭയസ്ഥാനമി-
ല്ലവിടെയ്ക്കുന്നുള്ളോരവസ്ഥവന്നല്ലോ.



Digitized By Kerala Sahitya Akademi

ഒരു കൈത്തണ്ടുണ്ടോ ഭവതിക്കായ് നീങ്ങാ-
നൊരൊറ്റനാവുണ്ടോ ഭവതിക്കായ്പ്പൊങ്ങാൻ ?
ഒരു കണ്ണീരുണ്ടോ ഭവതിക്കായ് വീഴാ-
നൊരൊററ വീർപ്പുണ്ടോ ഭവതിക്കായ് നീളാൻ?
അശാന്തർ മൂന്നാലരക്കത്രുഴിയെ-
ശ്മശാനമാക്കുവോർ ദുർവ്വേഷധാരികൾ ;
ഇതരരൊക്കെയുമവർതൻ പേർകേട്ടാൽ—
പ്പുതറിമെയ് വിറച്ചരണ്ടൊതുങ്ങുവോർ :—
ഇരുവകക്കാരായ്പ്പിരിഞ്ഞുപോയല്ലോ
ഭരണധൂർവ്വഹരശേഷമിമ്മട്ടിൽ.
ഭഗവതി ! ഗതി ഭവതിക്കെന്തിനി-
യിജ്ജഗതിയിങ്കലെന്നറിയുന്നീല ഞാൻ.
അഹോ ! ഭവതിതന്നസന്നിധാനത്തിൽ
മഹിയിലെന്തുള്ളൂ മനുഷ്യകാമ്യമായ് ?
കരയുക ! ദേവി ! കരയുക ! പാരിൽ-
പ്പരിതപിക്കാതെ പരമൊരാശ്വാസം. 76

IV

ഭവതിതൻ ചുടുമിഴിനീർത്തുള്ളിയൊ-
നവനിയിലും വീഴാനനുവദിക്കുമോ,
കനിവുറവയാം കടമിഴിയെഴും
തനിമറപ്പൊരുൾ സകലലോകേശൻ ?



Digitized By Kerala Sahitya Akademi

പൊറുക്കുമോ ഹാ ! തന്നിരോധമാന്തര-
പുരുഷരൂപനാമവിടുന്നേറെനാൾ ?
എവങ്കൽ നിന്നുണ്ടായനന്യതന്ത്രനാം
ഭുവനത്തിൻ പ്രാണൻ വിഭു സദാഗതി ;
എവന്റെ സങ്കല്പശിഖരിയിൽനിന്നി-
ബ്ഭവനദി നിത്യം പ്രവഹിച്ചിടുന്നു ;
അവനധീശിത്രി ! ഭവതിക്കേകിടും
സുവർണവിഷ്ടരസുഖാസിക വീണ്ടും. 99

---



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi